# പാർവതീ സ്വയംവരം

(പാന)

കേരളസർവ്വകലാശാല

മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

തിരുവനന്തപുരം

1966/1141

KERALA UNIVERSITY

MALAYALAM SERIES No. 120

# PĀRVATĪSVAYAMVARAM

## (PĀNA)

Edited and Published

by

K. Raghavan Pillai, B. A. (Hons.), Ph. D., (Lond.)

Curator, Manuscripts Library

TRIVANDRUM

1966 / 1141

*All rights reserved*] [*Price Re.* 1

Digitized By Kerala Sahitya Akademi

ഭാഷാഗ്രന്ഥാവലി അങ്കം—120

# പാർവതീസ്വയംവരം

(പാന)

പ്രസാധകൻ

**കെ. രാഘവൻ പിള്ള, ബി. എ. (ഓണേഴ്സ്)**
**പിഎച്ച്. ഡി. (ലണ്ടൻ)**

ക്യൂറേറ്റർ,

**മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി**

തിരുവനന്തപുരം

1966/1141

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 1

Digitized By Kerala Sahitya Akademi

# അവതാരിക

കലക്കത്തു കുഞ്ചൻനമ്പ്യാരുടെ കൃതിയാണു "പാർവതീസ്വയംവരം പാന". ഈ കൃതിക്കു 'പാർവതീസ്വയംവരസംക്ഷേപം' എന്നും പേരു പറഞ്ഞുവരുന്നുണ്ടു്. (കേ: സാ: ച: വാല്യം III. പുറം 367). കൃതിയുടെ ആദ്യഭാഗത്തെ "ശ്രീശുകാലയദേവ വാണരുളീടുന്ന" എന്ന വരിയും, അവസാനത്തെ "ശുഭമപി വിതരതു ശുകപുരമമരും" എന്ന വരിയും നോക്കുക. ശുകാലയവും ശുകപുരവും നമ്പ്യാരുടെ കിള്ളിക്കുറിശ്ശിമംഗലം തന്നെയാണു്. ഇഷ്ടദേവതയെ കൃതിയുടെ ആദ്യവും അവസാനവും ഭാഗങ്ങളിൽ സ്തുതിക്കുകയാണു പ്രസ്തുത വരികൾകൊണ്ടു നിർവഹിക്കപ്പെട്ടിരിക്കുന്നതു്.

കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒരാൾതന്നെയാണെന്നും വിഭിന്നരാണെന്നുമുള്ള സാഹിത്യചരിത്രവിചക്ഷണന്മാരുടെ അഭിപ്രായഗതികൾ ഇന്നും ഒരു തീർപ്പു കല്പിക്കപ്പെടാതെ അവശേഷിക്കുകയാണു്. മഹാകവി ഉള്ളൂർ, രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാൾതന്നെയാണെന്നു സമർത്ഥിച്ചിട്ടുണ്ടു്. വിവാദഗ്രസ്തമായ ഇക്കാര്യം ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

രാമപാണിവാദന്റെ വിഷ്ണുവിലാസം മഹാകാവ്യം തുടങ്ങിയ കൃതികൾ ഈ സ്ഥാപനത്തിൽനിന്നും പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടു. 'വിഷ്ണുഗീത' ഹംസപ്പാട്ടു് ഭാഷാഗ്രന്ഥാവലിയിൽക്കൂടിയും പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

തുള്ളൽപ്രസ്ഥാനം ഒന്നുകൊണ്ടുതന്നെ അനശ്വരനായിത്തീർന്ന കുഞ്ചൻനമ്പ്യാരെപ്പോലെ ഫലിതം കൈകാര്യം ചെയ്തിട്ടുള്ള ഒരു മഹാകവി ഭാരതത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല.

നമ്പ്യാരുടെ 'പാന' മട്ടിലുള്ള ഏകകൃതിയാണു് പാർവതീസ്വയംവരം. 'ദ്രുതകാകളി' വൃത്തത്തെയാണല്ലോ പാന എന്നു പറയുന്നതു്. രണ്ടടികളിലും ഒടുവിലത്തെ ഗണത്തിനുമാത്രം അക്ഷരം രണ്ടാക്കിയാൽ അതിനു ദ്രുതകാകളി(പാന)എന്നു പേർ പറയുന്നു.

Digitized By Kerala Sahitya Akademi

അക്ഷരം ഒന്നു കുറയ്ക്കണമെന്നതിനാൽ മാത്ര മൂന്നോ നാലോ ആകാം സാധാരണയായി മൂന്നുമാത്രയാണു കാണുന്നതു്. ഈ വൃത്ത കാകളിയിൽ മഗണവും ചേക്കാറുണ്ടു്. പാനയിലാണു് പാവ്തീ സ്വയംവരം മുഴുവനും രചിക്കപ്പെട്ടിരിക്കുന്നതു് എന്നു പറയുവാൻ നിവൃത്തിയില്ല. ഓരോ പാദത്തിന്റെയും അവസാനഭാഗത്തു് 'തരംഗിണി'യിൽ ഏതാനും വരികളും നമ്പ്യാർ എഴുതിച്ചേത്തി ട്ടുണ്ടു്. തരംഗിണി നമ്പ്യാരുടെ ഏററവും ഇഷ്ടപ്പെട്ട വൃത്ത മാണല്ലോ.

## ഗ്രന്ഥവിവരം

ഈ പ്രസാധനത്തിനു താഴെക്കൊടുത്തിരിക്കുന്ന ഗ്രന്ഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടു്.

1) 611. –ക
2) T. M. 220–ഖ (പകർപ്പു്)
3) 12600–ഗ

**'ക' ഗ്രന്ഥം:**– ഈ ഗ്രന്ഥം എവിടെനിന്നും ആരുടെ പക്കൽ നിന്നും കിട്ടി എന്നു പറയുവാൻ നിവ്വാഹമില്ല. ഗ്രന്ഥാരംഭത്തിൽ കൃതിയുടെ പേരുപറഞ്ഞു കാണുന്നില്ല. പാദങ്ങൾ പ്രത്യേകം രേഖ പ്പെടുത്തിയിട്ടുമില്ല. ഗ്രന്ഥാവസാനം ഇങ്ങനെയാണു്–"പാവ്തീ സ്വയംബരസംക്ഷേപം സമാപ്തം. കൊല്ലം 1054-ാമതു തുലാമാസം പതിനൊന്നാന്തീയ്യതി എഴുതിത്തീന്ന പുസ്തകം. ശ്രീകൃഷ്ണായ നമഃ" 'ക' ഗ്രന്ഥത്തിൽ പാവ്തീസ്വയംവരസംക്ഷേപമെന്ന പേരാണു് സ്വീകരിച്ചിരിക്കുന്നതെന്നു് ഇതിൽനിന്നും കിട്ടുന്നു. എഴുതി ത്തീന്ന കാലം രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടു ഗ്രന്ഥത്തിന്റെ പഴക്കം നിശ്ചയിക്കാൻ മററു വഴികൾ ആരായേണ്ട ആവശ്യ മില്ലല്ലോ.

**'ഖ' ഗ്രന്ഥം:**– ഇതു് ഇവിടെ എഴുതി സൂക്ഷിച്ചിട്ടുള്ള പക ർപ്പാണു്. കൊല്ലം 1102–ൽ എഴുതിയ ഈ പകർപ്പിന്റെ ആദർശ ഗ്രന്ഥത്തെപ്പററി യാതൊരു വിവരവുമില്ല. ഗ്രന്ഥാരംഭത്തിൽ പാവ്തീസ്വയംവരം (പാനപാട്ടു്) എന്നു എഴുതിക്കാണുന്നു. അതു് പകർത്തുകാരൻ എഴുതിയതാണെന്നു വരാം. 'ക'ഗ്രന്ഥത്തിലെ പ്പോലെ ഇതിലും പാദങ്ങളുടെ ആദ്യന്തഭാഗങ്ങൾ കുറിക്കുന്ന പദങ്ങ

Digitized By Kerala Sahitya Akademi

ളൊന്നും കാണുന്നില്ല. ഗ്രന്ഥാവസാനത്തിൽ 'ഇതി പാവ്തീസ്വയംബരം കഥാപ്രബന്ധം സമാപ്തം' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

'ഗ'ഗ്രന്ഥം:- ഈ ഗ്രന്ഥം ചെറുവണ്ണൂർ കോഴിശ്ശേരിമനയിൽ നിന്നും കിട്ടിയിട്ടുള്ളതാണ്. പാവ്തീസ്വയംവരം മാത്രം ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം താരതമ്യേന പഴക്കം ചെന്നതാണ്. ഗ്രന്ഥത്തിൽ കാലമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഗ്രന്ഥാവസാനത്തിൽ 'പാവ്തീസ്വയംവരം സമാപ്തം' എന്നുമാത്രം കാണുന്നു.

## ഗ്രന്ഥങ്ങളെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ

ഈ പ്രസാധനത്തിന് ഉപയോഗിച്ചിട്ടുള്ള മൂന്നു ഗ്രന്ഥങ്ങളും സമ്പൂണ്ണങ്ങളാണ്. പാഠഭേദങ്ങളുടെ സാജാത്യവൈജാത്യങ്ങൾ വച്ചുകൊണ്ടു ഗ്രന്ഥങ്ങളെ ഗ്രൂപ്പായി തിരിക്കാവുന്നതാണ്. എന്നാൽ പാവ്തീസ്വയംവരത്തിന്റെ മൂന്നു ഗ്രന്ഥങ്ങളും വ്യത്യസ്തങ്ങളാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പാഠവ്യത്യാസങ്ങളുടെ ശതമാനം ഇപ്രകാരമാണു കാണുന്നതു്:—

| നിർദ്ദിഷ്ടമായ ഗ്രന്ഥം | മററു ഗ്രന്ഥങ്ങൾ | പാഠവ്യത്യാസത്തിന്റെ ശതമാനം |
|---|---|---|
| ക | ഖ, ഗ | 19 |
| ഖ | ക, ഗ | 43 |
| ഗ | ക, ഖ | 38 |

'ക' ഗ്രന്ഥത്തിനു 'ഖ' 'ഗ' ഗ്രന്ഥങ്ങളിലെ ഒരേ പാഠവ്യത്യാസത്തിന്റെ ശതമാനം 33 ആണ്. 'ക' 'ഖ', 'ക' 'ഗ' എന്നീ ഗ്രന്ഥങ്ങളിൽ പറയത്തക്ക വ്യത്യാസം കാണുന്നുമില്ല. അതുകൊണ്ടു വേണമെങ്കിൽ 'ക' ഗ്രന്ഥവും 'ഖ' 'ഗ' ഗ്രന്ഥങ്ങളും രണ്ടു ഗ്രൂപ്പുകളായി തിരിക്കാം. നമ്പ്യാരുടെ കൃതികൾ പ്രചുരപ്രചാരം സിദ്ധിച്ചിരുന്നവയാണല്ലോ. ആ കൃതികൾ എഴുതി സൂക്ഷിക്കുവാൻ സാഹിത്യരസികന്മാർ വെമ്പൽ പൂണ്ടിരുന്നു. അങ്ങനെ ആ കൃതികൾക്കു് അനവധി പകർപ്പുകളും ആ പകർപ്പുകൾക്കു വീണ്ടും പകർപ്പുകളും ഉണ്ടായി. ആ പരമ്പരയിൽ പെട്ടവയായിരിക്കണം നമ്മുടെ ഗ്രന്ഥങ്ങൾ. അതുകൊണ്ടു അവയുടെ മൂലഗ്രന്ഥങ്ങൾ വ്യത്യസ്തങ്ങളാണെന്നു പറയുന്നതായിരിക്കും ശരി.

Digitized By Kerala Sahitya Akademi

## Colophon-ലെ വിവരങ്ങൾ

ഗ്രന്ഥങ്ങളുടെ Colophon-ൽനിന്നും കിട്ടിയിട്ടുള്ള വിവരങ്ങൾ നേരത്തെ പറഞ്ഞുകഴിഞ്ഞു. കൃതിയുടെ പേരിൽ കവിഞ്ഞു മറെറാന്നും തന്നെ അതിലില്ല. 'ക' ഗ്രന്ഥത്തിൽമാത്രം എഴുതിത്തീൻ തീയതി രേഖപ്പെടുത്തിയിട്ടുണ്ടു്.

## പാർവതീസ്വയംവരത്തിലെ പ്രതിപാദ്യം

കുമാരസംഭവത്തിലെ മൂന്നുമുതൽ ഏഴുവരെ സർഗ്ഗങ്ങളിൽ പ്രതിപാദിതമായിരിക്കുന്ന ഭാഗമാണു് പാർവ്വതീസ്വയംവരത്തിലെ കഥാവസ്തു. ബ്രഹ്മദത്തമായ വരത്തിൻെറ സർവസംഹാരക്ഷമമായ ബലംകൊണ്ടു് അജയ്യനായിത്തീൻ താരകാസുരൻ ദേവലോകത്തേയും കീഴടക്കി. ഇന്ദ്രാദികൾ സംഘം കൂടി താരകാസുരനെ നിഗ്രഹിക്കാനുള്ള വഴി ആലോചിച്ചു കണ്ടുപിടിച്ചു.

താരകാധിപശേഖരനെക്കൊണ്ടു
ദാരകർമ്മത്തെച്ചെയ്യിപ്പിച്ചായതിൽ
ദാരകൻ ജനിച്ചീടുകിലായവൻ
താരകനെ വധിച്ചീടും നിർണ്ണയം
പാരിടങ്ങളിൽ മറെറാരു വീരനും
പോരാടീടുവാൻ പോരാ ശഠനൊടു.

എന്നു ദേവേന്ദ്രൻ കാമദേവനോടു പറഞ്ഞു. ദാക്ഷായണിയുടെ വേർപാടിനു ശേഷം ദുഃഖാക്രാന്തനായ ശിവൻ ഹിമാലയത്തിൽ കൊടുംതപസ്സു ചെയ്യുകയായിരുന്നു. ശിവനെ ശുശ്രൂഷിക്കാൻ ഹിമവാൻെറ നിർദ്ദേശാനുസരണം പാവ്വതി ചെന്നിരുന്നു. ഇന്ദ്രാനുജ്ഞയാൽ രതിമന്മഥന്മാർ ശിവസമീപം പ്രാപിച്ചു. സമ്മോഹനമെന്ന അസ്ത്രം പ്രയോഗിച്ച മന്മഥൻ ശിവൻെറ നേത്രാഗ്നിക്കിരയായി. ശിവൻെറ തപസ്സു മുടങ്ങാതെ തുടന്നു. ശിവനെ പ്രാപിക്കാൻ വേണ്ടി പാവ്വതിയും അതികഠിനമായ തപോവൃത്തി സ്വീകരിച്ചു. പാവ്വതിയുടെ തപസ്സുകൊണ്ടു സംപ്രീതനായ ശിവൻ പ്രത്യക്ഷപ്പെട്ടു പാവ്വതിയെ സാന്ത്വനപ്പെടുത്തി. അനന്തരം വിധിപോലെ പാവ്വതീപരമേശ്വരന്മാരുടെ വിവാഹം മംഗളമായി നടന്നു.

Digitized By Kerala Sahitya Akademi

## പാർവതീസ്വയംവരം (ഒരു അവലോകനം)

പാർവ്വതീസ്വയംവരം പാനരീതിയിൽ കുഞ്ചൻനമ്പ്യർ എഴുതിയിട്ടുള്ള ഏകകൃതിയാണെന്നു പറഞ്ഞുകഴിഞ്ഞു. നാലു പാദങ്ങളായിട്ടാണ് ഈ പാന രചിച്ചിട്ടുള്ളത്. നമ്പ്യാരുടെ വാക്പാടവവും ഫലിതരസവും മററു കൃതികളിലെപ്പോലെതന്നെ ഈ കൃതിയിലും ഉടനീളം ദർശിക്കുവാൻ കഴിയും.

ഒന്നാം പാദത്തിൽ മന്മഥൻ തന്റെ പരാക്രമവും ശക്തിയും വാസവനോടു പറയുന്ന ഭാഗത്തിൽ സ്വഹാസ്യധാകരന്മാരുടെ പ്രണയവാർത്തം അനന്തരസംഭവങ്ങളും സവിസ്തരം വർണ്ണിക്കപ്പെട്ടിരിക്കുന്നു. മന്മഥന്റെ സഖാവായ മാധവമാസവും പത്നിയായ രതീദേവിയും പരമശിവന്റെ ഹൃദയം ഇളക്കാൻ പുറപ്പെടുന്ന ഭാഗം ഭംഗിയായി നമ്പ്യാർ അവതരിപ്പിച്ചിട്ടുണ്ട്.

രണ്ടാം പാദത്തിൽ പരമശിവന്റെ തപസ്സും തപോഭംഗം വരുത്തിയ കാമദേവന്റെ ദഹനവുമാണ് പ്രാധാന്യമർഹിക്കുന്നത്. പാർവതിയെ കണ്ട മാത്രയിൽ മോഹവിവശനായിത്തീന്ന പരമശിവന്റെ ചേതോവികാരങ്ങൾ വേണ്ടപോലെ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. കാമദഹനത്തിനു ശേഷമുള്ള രതിയുടെ വിലാപവും നന്നായി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

മൂന്നാം പാദത്തിൽ പാർവ്വതിയുടെ തപസ്സ്, ബ്രഹ്മചാരിയുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട ശിവന്റെ പാർവ്വതിയോടുള്ള കുശലാന്വേഷണം, തന്നിൽ പാർവതിക്കുള്ള അചഞ്ചലമായ അഭിനിവേശം മനസ്സിലാക്കിയ ശിവന്റെ സ്വയം പരിചയപ്പെടുത്തലും കൈലാസഗമനവും തുടങ്ങിയ കാര്യങ്ങളാണ് വർണ്ണിതങ്ങളായിട്ടുള്ളത്.

നാലാം പാദത്തിൽ പാർവതീപരമേശ്വരന്മാരുടെ വിവാഹം സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

കഥാഭാഗം ചുരുങ്ങിയതാണെങ്കിലും കുഞ്ചൻനമ്പ്യാർ അദ്ദേഹത്തിന്റെ നർമ്മബുദ്ധിയും വചോവിലാസവും പാർവതീസ്വയംവരത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിനു ചില ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു.

Digitized By Kerala Sahitya Akademi

കാമദേവൻ സ്വവൈഭവം ഇന്ദ്രനെ പറഞ്ഞു കേൾപ്പിക്കുന്നതു് ഇങ്ങനെയാണു്—

"വൃത്രവൈരിഭവാനുമെൻവൈഭവ-
മത്രമാത്രം ഗ്രഹിക്കാത്തവനല്ല.
നേത്രമായിരമുണ്ടാവാൻ കാരണ-
മോൎത്തു കാണുകിലെന്നസ്ത്രമായ് വരും.
ഓൎത്തു നാലു മുഖത്തുള്ള ബ്രഹ്മനും
പാൎത്തു കണ്ടാലിനിക്കു വശംവദൻ.
പുത്രിയെക്കണ്ടു കാമിച്ചു മോഹിച്ചു
കൃത്രിമം വിധിയുണ്ടാക്കി വേട്ടതും
ഇത് ത്രിലോകവിജയിയാമെന്നുടെ
അസ്ത്രസഞ്ചയത്തിന്റെ മഹത്ത്വങ്ങൾ.

'ശംഭുകാനന'ത്തെ ഇങ്ങനെ വൎണ്ണിക്കുന്നു—

മലകളിലിളകിന മലയസമീരൻ
മലർകലപരിമളമേന്തി വരുന്നു
കലപുലികരിഹരിശരഭാദികളുടെ
കലശലു പലദിശി മദരതിമൂലം.
കിളികളുമളികളുമവിരളമദമൊടു
കളികളിലിളകിന കളകളമോടെ
തെളിവൊടു മടുമലർമധുമണമുടയൊരു
വനമതിലനവധി വിലസീടുന്നു.

ബ്രഹ്മചാരിവേഷധാരിയായ പരമശിവനു പാർവതിയോടു പറയുന്നതു നോക്കുക:—

നേത്രം മൂന്നുള്ള വക്ത്രമുടയോരു
ഗാത്രം പാരം വികൃതമെന്നോൎക്ക നീ.
തുമ്പചാമ്പലും പാമ്പുമലങ്കാരം
വമ്പുലിത്തോലുമെല്ലും കപാലവും

Digitized By Kerala Sahitya Akademi

ചെമ്പിച്ചോരു ജടയിലകപ്പെട്ടോ-
രമ്പിളിക്കലക്കൂടെ നിറംകെട്ടു.
— — — — — — — —
പച്ചുളിക്കും വസന്തമായുള്ളവൻ
വസ്രൂദാനത്തിനാളാകുമോ ശിവൻ.
ആറുലക്ഷം വയസ്സായ കാളമേ-
ലേറുവാനോ നീയാഗ്രഹിച്ചീടുന്നു?

വിവാഹത്തിനു പുറപ്പെട്ട പരമശിവനെ ഇങ്ങനെയാണു ചിത്രീകരിക്കുന്നതു്:—

നീലകണ്ഠൻെറ വേഷവുമന്നേരം
നിമിഷംകൊണ്ടു പകന്നു കാണായ്‌വന്നു.
കോടീരാകാരമെത്രയും നല്ലൊരു
കുടിലകുന്തളമായി പ്രകാശിച്ചു.
ചൂടീടുന്നൊരു കൊന്നയും തുമ്പയും
ചുഴലവും നല്ല മുല്ലപ്പൂമാലയായ്.
ഫാലം തന്നിലെ വഹ്നിവിലോചനം
പരിചിൽ നല്ല തിലകവുമായ്‌വന്നു.
ബാലചന്ദ്രനും കൈതപ്പൂവായ്ത്തീർന്നു
ബഹുളജംഗങ്ങൾ പൊൻമണിക്കോപ്പുകൾ
കുണ്ഡലീശന്മാർ കുണ്ഡലമായിട്ടും
കടകം തോൾവള കാഞ്ചികളായിട്ടും
— — — — — — — —

വിവാഹയാത്ര നോക്കുക:—

ഇന്ദ്രനും പിന്നെ വിഷ്ണുഭഗവാനും
ഇരുപുറം നിന്നു ചാമരം വീശുന്നു
ചന്ദ്രതുല്യന്മാർ ഛത്രവും കൈക്കൊണ്ടു-
ച്ചതുർമ്മുഖൻതാനും പിമ്പേ നടക്കുന്നു.
അശ്വിനീദേവന്മാരങ്ങിരുവരു-
മരികേ നിന്നാലവട്ടം പിടിക്കുന്നു.
രശ്മി ചെററു കുറച്ചുകൊണ്ടാദിത്യൻ
രജനീനാഥനും മുമ്പിലും പിമ്പിലും

Digitized By Kerala Sahitya Akademi

വെണ്ണിലാവൊത്ത വെള്ളക്കൊടിക്കൂറ
വെളിവിലേററമുയത്തിപ്പിടിക്കുന്നു.

— — — — — — — — — —

വിവാഹാഘോഷങ്ങളിൽ പങ്കെടുത്ത വിപ്രന്മാരെ സ്വത സ്സിദ്ധമായ പരിഹാസരീതിയിൽ നമ്പ്യാർ ഇങ്ങനെ വരച്ചു കാട്ടുന്നു—

രണ്ടു കയ്യിലും കൊള്ളാഞ്ഞു വിപ്രന്മാർ
മുണ്ടുകാട്ടിക്കനകങ്ങൾ വാങ്ങുന്നു.
കെട്ടിപ്പേറ്റി ശരീരം തളന്നാലും
കിട്ടിയാൽ മതിയാകുന്നതില്ലാക്കും
പട്ടും പൊന്നും പണവും രജതവും
ചട്ടററീടുന്ന രത്നസമൂഹവും
കെട്ടിവെച്ചു കിടന്നങ്ങുറങ്ങുന്നു
അഷ്ടികാലാകുന്നേരമെഴുന്നേൽക്കും.

## സമാപ്തി

മൺമറഞ്ഞ മഹാകവികളുടെ അനശ്വരങ്ങളായ ഭാഷാ കൃതികൾ തെരഞ്ഞെടുത്തു കിട്ടാവുന്നിടത്തോളം ഗ്രന്ഥങ്ങൾ പരി ശോധിച്ച് അവയുടെ സംശോധിതസംസ്കരണങ്ങൾ തയ്യാറാക്കുന്ന സുപ്രധാനമായ കൃത്യം നിർവഹിക്കുന്നതിലാണ് ഞങ്ങൾ ഇപ്പോൾ ശ്രദ്ധാലുക്കളായി ശ്രദ്ധിച്ചുവരുന്നതു്. തദനുസരണമായി പുറത്തുവന്നിട്ടുള്ളവയാണ് ശിവരാത്രിമാഹാത്മ്യം, ഭാഷാഭഗവ ദ്ഗീത തുടങ്ങിയ കൃതികൾ. ഈ പരമ്പരയിൽപ്പെട്ട അനവധി കൃതികൾക്കു രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്.

കുഞ്ചൻനമ്പ്യാരുടെ ഈ കൃതി പ്രസിദ്ധീകരിക്കാൻ കഴി ഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. കിട്ടാവുന്നിടത്തോളം ഗ്രന്ഥങ്ങൾ പരിശോധിച്ചു എന്നതിൽ സന്തോഷവുമുണ്ട്. സാഹിത്യകുതുകി കളും ഭാഷാഭിമാനികളും ഈ പ്രസാധനത്തെ വിലമതിക്കു മെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

ഇതിന്റെ പ്രസാധനത്തിൽ എന്നെ സഹായിച്ചിട്ടുള്ളതു് ഈ സ്ഥാപനത്തിലെ റിസർച്ച് ആഫീസർ ശ്രീ. എം. മാധവൻ പിള്ളയും അസിസ്റ്റൻറ് റിസർച്ച് ആഫീസറന്മാരായ ശ്രീ. എൻ. ശ്രീധരൻ നായരും, ശ്രീ. എസ്സ്. മുരളീധരൻ നായരുമാണ്.

തിരുവനന്തപുരം,
1-7-66.

കെ. രാഘവൻപിള്ള
ക്യൂറേറ്റർ.

Digitized By Kerala Sahitya Akademi

# *പാർവ്വതീസ്വയംവരം

## പാന

ശ്രീശുകാലയേ വാണരുളീടുന്ന
ശ്രീമഹേശനും ശ്രീഗണനാഥനും
ദേശികന്മാരും വാണി വിരിഞ്ചനും
കേശവൻതാനും കാത്തരുളേണമേ.

വേദവ്യാസനും വാല്മീകി നാരദൻ
വേദിയന്മാരും വേദസ്വരൂപിയാം
ആദിത്യൻതാനുമിന്ദ്രനും ചന്ദ്രനും
ആദരേണ തുണച്ചരുളേണമേ.

എങ്കിലോ പണ്ടു താരകദാനവൻ
ശങ്ക കൂടാതെ ദേവേന്ദ്രലോകത്തെ
പങ്കജാസനസേവാബലംകൊണ്ടു
തങ്കലാക്കിയടച്ചു വാഴുംകാലം; 12

സങ്കടപ്പെട്ടു സംക്രന്ദനാദികൾ
സംഘം കൂടി വിചാരിച്ചു സാദരം
പങ്കജാ[1]ക്ഷനെച്ചിത്തേ നിരൂപിച്ചു
പങ്കജാസനശാസനാകാരണം.

കാമദേവനും മാധവമാസവും
കാമിന് രതിയോടുമൊരുമിച്ചു
താമസി[2]ക്കാതെ ദേവാധിരാജന്റെ
ധാമം പ്രാപിച്ചു വന്ദിച്ചുരചെയ്തു:

---

*ഈ പ്രസിദ്ധീകരണത്തിന് ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ;–
ക–611. C, ഖ–T. M. 220, ഗ–12600.

---

1. ജാസ്യ–ഖ, ഗ. 2. യാ–ഗ.

Digitized By Kerala Sahitya Akademi

എന്തു കാരണം നാഥ! ഭവാനെന്നെ
ചിന്ത ചെയ്തു [1]തിരുമനതാരിങ്കൽ
[2]എന്തെന്നാകിലും സാധിപ്പിച്ചീടുവാ-
നന്തരമെനിക്കില്ലെന്നറിഞ്ഞാലും.

നിന്തിരുവടിക്കേതൊരു നാരിയി-
ലേന്തിടുന്നു മനോരഥമിക്കാലം
[3]പന്തേലുംമുലയാളാമവളുടെ
അന്തരംഗമിളക്കിച്ചമച്ചുടൻ,

അന്തിനേരമവളെ വരുത്തി ഞാ-
നന്തികംതന്നിലാക്കിത്തരുന്നുണ്ടു.
ചന്തമോടേയവളെപ്പുണർന്നുകൊ-
ണ്ടന്ത[4]മ്മോദങ്ങളൊക്കെ ലഭിച്ചാലും.

കണ്ടിവാർകുഴലാളാമൊരുത്തിയെ
കണ്ടു കാമിച്ചു ചെന്നു ഭവാൻതന്നെ
രണ്ടു വാക്കരുൾചെയ്തതവൾക്കുള്ളിൽ
കൊണ്ടതുമില്ലഹംഭാവകാരണാൽ.

കുണ്ഠിതം പൂണ്ടു പോന്നു ഭവാനതു-
കൊണ്ടു പാരം വിഷാദിച്ചിരിക്കയോ?
രണ്ടു വാക്കിനിക്കി[5]ല്ലെടോ വാസവ!
കണ്ടുകൊണ്ടാലുമെന്റെ പരാക്രമം.

വണ്ടുനാദം മുഴക്കിച്ചൊരാശുഗം-
കൊണ്ടു കിഞ്ചിൽ പ്രയോഗിക്കുന്നേരത്തു
തണ്ടു തപ്പിത്തരുണിയവൾ [6]താനേ
മണ്ടി വന്നു മടിയിൽക്കരയേറി,

---

1. കരമ്പിങ്കൽ-ഖ, ഗ. 2. ന്തോ-ഗ. 3. ന്തൊക്കം-ഗ.
4. ഹ-ഗ. 5. ല്ലേല്ലം-ഗ. 6. താനു:-ഖ; തന്നെ-ഗ.

Digitized By Kerala Sahitya Akademi

രണ്ടു കൈകളെക്കൊണ്ടും ഭവാനുടെ
കണ്ഠംതന്നിൽ മുറുകപ്പിടിച്ചുടൻ
രണ്ടു കുന്നിനെ വെന്ന കുചങ്ങളെ-
ക്കൊണ്ടു നിന്തിരുമാറിൽ പ്രഹരിക്കും.

രണ്ടു പക്ഷമില്ലായുധത്താണ ഞാൻ
രണ്ടു നാഴികയ്ക്കുള്ളിലപ്പെണ്ണിനെ
കൊണ്ടുവന്നിഹ തന്നീലെന്നാകിൽ ഞാൻ
തണ്ടാരമ്പനല്ലെന്നു ധരിച്ചാലും.

പണ്ടു ഞാനൊരു സുന്ദരരൂപനെ
ചെണ്ട കൊട്ടിച്ച വൃത്താന്തം കേട്ടാലും
കണ്ടു ബോധിച്ചിരിക്കുന്നവരെയും
തണ്ടു തപ്പിപ്പാനി[2]ങ്ങുണ്ടു കൗശലം.

അഗ്നിദേവന്റെ ഭാര്യയിലെത്രയും
മഗ്നനായ്വന്നു ചന്ദ്രനൊരു കാലം
നഗ്നനായിട്ടു പോന്നു ജനിച്ചൊരു
ലഗ്നത്തിങ്കലെപ്പോലെ മഹാജളൻ.

പൂർണ്ണചന്ദ്രനുദിച്ചുയരുന്നേരം
പൂർണ്ണചന്ദ്രമുഖിയായ സ്വാഹയെ
കണ്ടു കൗതുകം പൂണ്ടൊരു നേരമുണ്ടു
കൊണ്ടു നമ്മുടെ ബാണം ഹൃദയത്തിൽ.

ചെന്നു ചോദിച്ചു ചന്ദ്രനവളോടു
സുന്ദരാംഗി! വരിക നീ[3]യാരെടോ!
ഉന്നതസ്തനി! നിന്നെപ്പുണരുവാൻ
ഇന്നിനിക്കിഹ പാരമുണ്ടാഗ്രഹം.

എന്നതു കേട്ടവളുമുരചെയ്തു
ചന്ദ്രനല്ലയോ ചാരുമതേ! ഭവാൻ?

1. ണ്ടു–ക,ശ. 2. നണ്ടിങ്ങു–ശ. 3. നീയ്യാ–ശ.

Digitized By Kerala Sahitya Akademi

വീതിഹോത്രന്റെ പത്നിയാകുന്ന ഞാൻ
ഭീതി പാരമിനിക്കുണ്ടു മാനസേ.

അസ്മദാരാഭമഗ്നിയറിഞ്ഞാകിൽ
ഭസ്മമാക്കും ഭവാനെയുമെന്നെയും.
സന്ധ്യാവന്ദനം ചെയ്തു വരുംമുമ്പേ
സന്ധിക്കാമെന്നു ചന്ദ്രനുരചെയ്താൻ.[2]

സ്വാഹാദേവിതന്നുള്ളം മയക്കുവാൻ
മോഹാസ്ത്രത്തെ പ്രയോഗിച്ചു ഞാനപ്പോൾ
സ്നേഹം വർദ്ധിച്ചിരിവരുമന്നേരം
ഗേഹം പുക്കു രമിച്ചു[3] യഥാസുഖം.

പാവകന്റെ വരവിന്നു മുന്നമേ
ധാവനം ചെയ്തു പോന്നു ശശാങ്കനും
ഔവണ്ണം പല സായന്തനങ്ങളിൽ
സാവധാനം രമിച്ചാരിരിവരും.

വിശ്വസാക്ഷിയാമഗ്നിക്കു പത്നിയെ
വിശ്വാസം പുനരില്ലായ്കകാരണാൽ[4]
അന്തിയാവോളം ഭാര്യയെത്താനൊരു
മന്ത്രംകൊണ്ടു വിഴുങ്ങിയകത്താക്കും.

സന്ധ്യാനേരം വമിച്ചു പുറത്താക്കും
സന്തതം വിധമിങ്ങനെ വാണിക്കു.
ദിവ്യമന്ത്രത്തെത്തന്നുടെ ഭാര്യക്കും
ഹവ്യവാഹനനാശു ഗ്രഹിപ്പിച്ചു.[5]

ചാരുഭാവേന സ്വാഹാസുധാകര-
ന്മാരുമാരുമറിയാതെ[6] നിത്യവും[7]

1. ഞ്ഞെങ്കിൽ–ഗ. 2. യ്തു–ഗ. 3 വസിച്ചു–ഖ, ഗ. 4. ണം–ഖ, ഗ.
5. ധരിപ്പിച്ചു–ഗ. 6. രരാരുമാരു–ഗ.
7. 'നിത്യവും സായംകാലത്തു്' 'ക'യിൽ ഇല്ല.

Digitized By Kerala Sahitya Akademi

സായംകാലത്തു സംഗമമിങ്ങനെ
മായംകൊണ്ടു ലഭിച്ചു പോരുംകാലം;
[2]വാസവമന്ദിരം തന്നിലകം പുക്കു (?)
വാതിൽ കൊട്ടിയടച്ചു സുധാകരൻ
സ്വാഹയോടെ വിനോദിക്കും നേരത്തു
ഗേഹേ[3] ചെന്നു[4] വിളിച്ചു കൃശാനുവും.

സുന്ദരിതാനും മന്ത്രബലംകൊണ്ടു
ചന്ദ്രനെയുമെടുത്തു വിഴുങ്ങിനാൾ
വാതിലങ്ങു തുറന്നു വണങ്ങിനാൾ
വീതിഹോത്രനുമപ്പോളകം പുക്കു.

പത്നിയെയുമെടുത്തു വിഴുങ്ങിനാൻ
അഗ്നിദേവനുമന്തി കഴിഞ്ഞപ്പോൾ;
പൗർണ്ണമാസീരജനീമുഖംതന്നിൽ
പൂർണ്ണചന്ദ്രനുദിക്കാത്ത[5]തെന്തുവാൻ?

ധർമ്മശാലികളാകും ജനങ്ങൾക്കു
കർമ്മഭംഗം ഭവിച്ചിതു ഭൂമിയിൽ;
ചന്ദ്രബിംബമുദിക്കായ്കകാരണാൽ[6]
ഇന്ദ്രനാദിസുരന്മാരശേഷമേ,

അഷ്ടദിക്പാലന്മാരുമൃഷികളും
കഷ്ടം കഷ്ടമെന്നൊക്കെയൊരുമിച്ചു
കൂട്ടം കൂടി വിചാരിക്കുംപോളൊരു
ധൃഷ്ട[7]സൂചകനേവമുര[8]ചെയ്തു.

വഹ്നിദേവന്റെ വല്ലഭയല്ലാതു-
ള്ളന്യദേവിമാരെല്ലാവരും വന്നു

---

1. രമിച്ചു–ഖ, ഗ. 2. ഈ വരി 'ക'യിൽ ഇല്ല. 3. മോഹം–ക.
4. വ–ഗ. 5. ത്ത–ഖ. 6. ണ–ഖ, ഗ. 7. സ്പഷ്ട–ഖ, സ്പഷ്ടി–ഗ.
8. മരുൾ–ഖ.

Digitized By Kerala Sahitya Akademi

സ്വാഹാദേവിയെക്കണ്ടീലതുകൊണ്ടു
സ്വാഹാവല്ലഭനെന്തോന്നിളക്കാത്തു?

എന്നതു കേട്ടു ശുദ്ധൻ കൃശാനുവും
തന്നുടെ ഗൃഹിണിയെ വമിച്ചിതു
സ്വാഹാതന്നുടെ ദേഹപ്രകാശങ്ങൾ
ഹാ! ഹാ! വിസ്മയമെന്നു മഹാജനം.

പുള്ളിമാൻമിഴിയാളാമിവളുടെ
ഉള്ളിലുണ്ടായ്വരേണം നിശാകരൻ
ആയതു കേട്ടു നാണിച്ചു നിന്നുകൊ-
ണ്ടായതാക്ഷി വമിച്ചു ശശാങ്കനെ.

ഭഗ്നമാനസനാകിയ ചന്ദ്രനും
നഗ്നരൂപേണ ധാവതി[1] ചെയ്തിതു
ബാലചന്ദ്രനെക്കാണുമ്പൊളിപ്പൊഴും
നൂലും[2] പൊട്ടിച്ചങ്ങാരാധിച്ചീടുന്നു.

മൂലമായതിന്നിക്കഥ കേവലം
മാലോകർക്കും[3] പരമാർത്ഥമൊക്കവെ;
വസ്ത്രം കൂടാതെ ചന്ദ്രനെ മണ്ടിച്ചൊ-
രസ്ത്ര[4]മെങ്കയ്യിലുണ്ടെടോ! വാസവ!

വൃത്രവൈരി ഭവാനുമെൻവൈഭവം
അത്രമാത്രം ഗ്രഹിക്കാത്തവനല്ല
നേത്രമായിരമുണ്ടാ[5]വാൻ കാരണം
ഓർത്തു കാണുകി[6]ലെന്നസ്ത്രമാഹാത്മ്യം.

ഓർത്തു[7] നാലു മുഖത്തുള്ള ബ്രഹ്മനും
പാർത്തുകണ്ടാലിനിക്കു വശംവദൻ

1. നം—ഖ, ഗ. 2. ലു—ഖ. 3. ൎക്കു—ഖ, ഗ. 4. മിപ്പോഴുമെൻകയ്യിലുണ്ടെടോ—ഖ, ഗ. 5. ണ്ടായ—ഖ. 6. മ്പോരളെ—ഗ. 7. മൃ—ഖ.

Digitized By Kerala Sahitya Akademi

പുത്രിയെക്കണ്ടു കാമിച്ചു മോഹിച്ചു
കൃത്രിമം വിധിയുണ്ടാക്കി വേട്ടതും, 144

ഇത്രിലോകവിജയിയാമെന്നുടെ
അസ്ത്രസഞ്ചയത്തിന്റെ മഹത്വങ്ങൾ
എന്തിനിത്ര പറയുന്നു ഞാനിപ്പോൾ?
എന്തു നിന്മനതാരിൽ മനോരഥം?

ചിന്തിതങ്ങളെ സാധിപ്പിച്ചീടുവാൻ
നിന്തിരുപാദത്താണ കുറവില്ല.
ഇപ്പോൾ വേണങ്കിലഗ്നിത്തിരുക്കണ്ണിൽ
മുപ്പുരന്മാരെച്ചുട്ടോരു ദേവന്റെ,

ഉൾപ്പൂവികല്പറച്ചു സമാധിക്കും
അല്പഭംഗം വരുത്തുവാനാളു ഞാൻ.
പഞ്ചബാണന്റെ വാക്കുകൾ കേൾക്കയാൽ
നെഞ്ചിലേററം പ്രസാദിച്ചു വാസവൻ, 156

പുഞ്ചിരിമധു തൂകിപ്പതുക്കവെ
കിഞ്ചിദ്ദേവൻ പറഞ്ഞു തുടങ്ങിനാൻ:-
പുഷ്പസായക! സാധോ! നിന്നാരംഭം
നിഷ്ഫലമായിട്ടില്ലൊരു ദിക്കിലും.

ഇപ്രപഞ്ചങ്ങളൊക്കെജ്ജയിച്ചീടും
ത്വത്പ്രതാപങ്ങളല്പമല്ലേതുമേ;[1]
ഉത്പലാക്ഷിമാരല്ലോ സഖേ! നിന്റെ
കെല്പേറീടും പടജ്ജനമായതും.[2]

ഷഡ്പദശ്രേണിഞാണായ ബാണാസനം
പുഷ്പമെന്നും കരിമ്പെന്നും ചൊല്ലുന്നു.

---

1. ഭാവ–ഖ, ഗ. 2. രെല്ലാം–ഖ.

Digitized By Kerala Sahitya Akademi

ചന്ദനാചലംതന്നിൽ നിന്നുള്ളൊരു
മന്ദമാരുതനല്ലോ മനോഭവ!

സ്യന്ദനം തവ, സേനാധിനായകൻ
ചന്ദ്രനെന്നും പറയുന്നു കാമികൾ.
മാസങ്ങൾ മധുമാധവന്മാർ നിന്റെ
ദാസരായതും ബന്ധുക്കളായതും.

വ്യാസനാദിമുനികളും നിന്നുടെ
ശാസനാതിക്രമം ചെയ്കയില്ലെടോ!
താരകാസുരൻതന്റെ പരാക്രമം
കാരണം ഞങ്ങൾ പാരം തരം കെട്ടു;

താരകാധിപശേഖരനെക്കൊണ്ടു
ദാരകർമ്മത്തെച്ചെയ്യിപ്പിച്ചായതിൽ
ദാരകൻ ജനിച്ചീടുകിലായവൻ
താരകനെ വധിച്ചീടും നിർണ്ണയം.

പാരിടങ്ങളിൽ[1] മറെറാരു വീരനും
പോരാടീടുവാൻ പോരാ ശഠനൊടു.
കേട്ടുകൊണ്ടാലും പർവ്വതപുത്രിയെ
വേട്ടുകൊണ്ടു മഹേശ്വരനെന്നാകിൽ,

കോട്ടമൊക്കെയൊഴിക്കും നമുക്കെടോ!
വാട്ടം കൂടാതെ വാണു സുഖിച്ചിടാം.
ചേട്ടക്കാരനത്താരകൻതന്നുടെ
കൂട്ടക്കാരോടും കൂടപ്പുറപ്പെട്ടു.

നേട്ടക്കാരെക്കണക്കിനെ[2] ഞങ്ങളെ[3]
പാട്ടക്കാണം പിടിപ്പിക്കുമാറായി.

1. ടംതന്നിൽ-ഖ 2. നി-ഖ. 3. ടെ-ഗ.

Digitized By Kerala Sahitya Akademi

കല്പവൃക്ഷങ്ങൾ കാമധേനുക്കളും
മല്പുരങ്ങളിലുള്ള ധനങ്ങളും, 192

കപ്പം കെട്ടിക്കൊടുത്താലുമായവ-
ന്നല്പംപോലുമേ[1] കൂറുമില്ലാതെയായ്.
വിണ്ണോർനാട്ടിൽ പിറന്നു വളന്നൊരു
പെണ്ണുങ്ങൾക്കും[2] പൊറുതിയില്ലാതെയായ്.

ചണ്ഡന്മാരവരുച്ചയ്ക്കുമന്തിക്കും
ദണ്ഡുമായി നടക്കുന്നു വഞ്ചിപ്പാൻ.
താടിക്കാരാമൃഷികളെക്കണ്ടേടം
താഡിക്കാത്തവരാരുമില്ലായതിൽ.

പേടിക്കാതെയിരിപ്പാൻ വനങ്ങളിൽ
ഓടി,ക്കാൽ കുഴയുന്നു നമുക്കെല്ലാം.
ഇഷ്ടിയില്ലാതെയായീ സുരന്മാർക്കും
അഷ്ടിയില്ലാതെയായീ നരന്മാർക്കും. 204

വൃഷ്ടിയില്ലായ്കമൂലം മഹീതലേ
പുഷ്ടിയില്ലെന്നു വന്നു ദിനേ ദിനേ.
തുഷ്ടിയില്ലെന്നു തന്നെയല്ലിക്കാലം
നഷ്ടിതന്നേ പിടിച്ചു ജഗത്ത്രയ.

മുഷ്ടികൊണ്ടും മുസലങ്ങളെക്കൊണ്ടും
യഷ്ടികൊണ്ടും പ്രഹരിച്ചു ഞങ്ങളെ
പിഷ്ടപേഷണം ചെയ്തു നടക്കുന്ന
ദുഷ്ടരെക്കൊലചെയ്യേണമെന്നാകിൽ;

അഷ്ടമൂർത്തിക്കൊരാത്മജനുണ്ടാവാ-
നൊട്ടും വൈകാതെ യത്നം ചെയ്തീടണം.

---

1. മേറകിലും കൂറില്ല–ക  മെങ്കിലും കൂറില്ല ഞങ്ങളെ–ഗ.
2. ക്കു. ക,ഖ.

Digitized By Kerala Sahitya Akademi

ത്ര്യക്ഷനാകുന്ന ദേവൻ മഹേശ്വരൻ
ദക്ഷപുത്രിക്കപായം ഭവിച്ചേന്ന, 216

ഭിക്ഷു[1]വേഷത്തെപ്പൂണ്ടു ഹിമാചലേ
ചക്ഷുരാദി വശീകരിച്ചാദരാൽ
സച്ചിദാനന്ദം ബ്രഹ്മത്തെ ധ്യാനിച്ചു
നിശ്ചലനായ് വസിച്ചരുളീടുന്നു.

അച്ഛൻ കല്പിച്ചയച്ചോരു പാർവ്വതി
നിച്ചലും[2] വന്നു ശുശ്രൂഷിച്ചീടുന്നു.
അപ്പരമാത്മാ നമ്മെ ഗ്രഹിപ്പിപ്പാൻ
അപ്സരസ്ത്രീകൾ നിത്യം നടക്കുന്നു.

മുപ്പുരാരിയെക്കൊണ്ടു കുമാരിയെ
വേൾപ്പിപ്പാൻ[3] വഴിയുണ്ടാക്കുമിക്കാലം
മന്മഥ! ഭവാൻ ചെന്നു പതുക്കവെ
[4]സമ്മോഹാസ്ത്രം പ്രയോഗിച്ചുവെന്നാകിൽ, 228

ചിന്മയൻെറ മനസ്സു മറിഞ്ഞീട്ടും
മന്മനോരഥം സാധിക്കുമന്നേരം.
രുദ്രദേവൻെറ വീര്യം സ[5]ഹിപ്പതി-
ന്നദ്രിനന്ദിനി താനേ മതിയാവൂ.

രുദ്രചിത്തമിളക്കുവാൻ പോക നീ
ഭദ്രമസ്തു നിനക്കു മനോഭവ!
ഇപ്രകാരമരുൾ ചെയ്തു വാസവൻ
പുഷ്പബാണൻെറ പാണി പിടിച്ചുടൻ,

സൽപ്രമോദം പുണർന്നു തദംഗത്തെ
ക്ഷിപ്രം തൊട്ടുതലോടി സുഖിപ്പിച്ചു

1. ഭാവ–ഖ; ഗ. 2. നിത്യവും– ക. 3. ക്കേൻ–ഖ.
4. വാന്മാ–ഖ. 5. വ–ഖ.

Digitized By Kerala Sahitya Akademi

മൃത്യുവൈരിയെച്ചിന്തിച്ചു മന്മഥൻ
ചിത്തതാരിങ്കൽ ഭീതി മുഴക്കയാൽ;

അത്തൽപ്പെട്ടു വിറച്ചു വിചാരിച്ചു
ചിത്തതാപം മറച്ചു പുറപ്പെട്ടു.
ഗോത്രകാമുകനാകുന്ന ദേവൻെറ
നേത്രവഹ്നിശിഖകളിൽ തന്നുടെ,

ഗാത്രനാശം വരുമെന്നുറച്ചുടൻ
യാത്ര ചൊല്ലി നടന്നു മനോഭവൻ.
ബന്ധുവാകുന്ന മാധവമാസവും
ബന്ധുരാംഗി രതീദേവിയും താനും,

ചന്തമോടെ നടന്നു ഹിമവാൻെറ
അന്തികാരണ്യംതന്നിൽ[1] പ്രവേശിച്ചു.
ദന്തി സിംഹം[2] വരാഹങ്ങളാദിയാം
ജന്തുക്കൾക്കും മരങ്ങൾ തൃണങ്ങൾക്കും,

അന്തകാരിതപോബലംകൊണ്ടഹോ![3]
അന്തരാനന്ദമുണ്ടാകകാരണാൽ[4]
ഭിത്തിതന്നിലേ[5] ചിത്രങ്ങളെപ്പോലെ
കൊത്തിവെച്ചോരു പാവകളെപ്പോലെ,

ചത്തുവീണ ശരീരങ്ങളെപ്പോലെ
ചെത്തിപ്പുററിച്ച കുററികളെപ്പോലെ
ഗാത്രങ്ങൾക്കൊരിളക്കവും കൂടാതെ
തത്ര തത്ര വസിക്കുന്ന കാണുകയാൽ,

---

1. ന്ത–ഗ. 2. ഹവ–ശ. 3. ക–ഖ. 4. ണ–ഖ;ഗ.
5. തന്നുടെ–ഖ; ഗ.
256, 257 എന്നീ വരികൾ 'ഖ'യിൽ ഇല്ല.

Digitized By Kerala Sahitya Akademi

എത്രയും ഭക്തിപൂണ്ടു മനോഭവൻ
നേത്രയുഗ്മമടച്ചു[1] വണങ്ങിനാൻ.
വൃത്രവൈരിമുതലാമമർത്ത്യന്മാർ
വർത്തമാനമറിവാൻ പുറപ്പെട്ടു.

തത്ര മേൽഭാഗേ ചെന്നു[2] മദനന്റെ
വൃത്തി കണ്ടു വിളിച്ചുരചെയ്തു.
ചിത്തജന്മാവേ! വീര! സഖേ! നിന്റെ
ചിത്തത്തിൽ ഭയമുണ്ടാകരുതേടോ[3]!

മൃത്യുവൈരിതൻ ചിത്തമിളക്കുവാൻ
ശക്തിയുള്ള ശരത്തെ പ്രയോഗിക്ക.
ഭക്തികൊണ്ടു മടങ്ങി ശമിക്കൊല്ലാ
യുക്തികൊണ്ടു വിചാരിക്കനേരത്തു,

മുക്തിമാർഗ്ഗം മുടക്കുന്ന ബാണങ്ങൾ-
ക്കൊത്തതൊന്നുമില്ലെന്നു[4] ധരിച്ചാലും.
ഇത്തരം പറയുന്ന സുരന്മാരോ-
ടുത്തരമുരചെയ്തു മനോഭവൻ.

അത്ര ഗർവിക്ക നന്നല്ലമർത്ത്യരേ!
അത്രമാത്രമിനിക്കുമറിവുണ്ടു്
പണ്ടു ദക്ഷന്റെ യാഗത്തിലൊക്കയും[5]
കണ്ടു നിങ്ങടെ ബാഹുപരാക്രമം.

തിങ്കൾമൌലി ഭഗവാനയച്ചൊരു
കിംകരോത്തമൻ വീരഭദ്രൻതന്റെ
തല്ലുകൊണ്ടു ശരീരം തകർന്നിട്ടും
പല്ലു പോയിട്ടും കണ്ണു പൊടിഞ്ഞിട്ടും;

---

1. പദ്മ-ശ. 2. വ-ക.
3. തേരും-ഖ. 4. തില്ലൊന്നുമെന്നു-ഖ; ശ. 5. സത്ര-ഖ.

Digitized By Kerala Sahitya Akademi

അല്ലൽപ്പെട്ടങ്ങുമിങ്ങുമൊളിച്ചൊരു
നല്ല വീരന്മാരല്ലോ ഭവാന്മാരും!
പാന്ഥനെക്കൊണ്ടു പാമ്പിനെക്കൊല്ലിച്ചാൽ
പാപമുള്ളതു പാന്ഥനിരിക്കട്ടെ,

എന്ന സംസാരം നിങ്ങൾ നിരൂപിച്ചു
എന്നെച്ചാടിച്ചു ബോധിച്ചു ഞാനതും.
നിങ്ങളെച്ചൊല്ലി ദേഹമുപേക്ഷിപ്പാ-
നിങ്ങു സന്ദേഹമില്ല മനക്കാമ്പിൽ.

അംഗജൻ ഞാനനംഗനായീടുവാൻ
സംഗതി വന്നു നിങ്ങൾക്കു വേണ്ടീട്ടു്
അങ്ങിനെ വിധി കല്പിതമെന്നാകി-
ലെങ്ങിനെ ഞാനൊഴിക്കുന്നു സാംപ്രതം?

അംഗനാകുലമാ[1]ലികേ! ബാലികേ!
മംഗലാംഗി! രതീദേവി! പോ[2]ന്നാലും.
അംഗ! മാധവ! മുന്നിൽ നടക്ക നീ
തുംഗമാം നിന്റെ പൗരുഷം കാട്ടുക.

ഭൃംഗനാദമിളംകുയിൽനാദവും
ഭംഗിയേറുന്ന ചന്ദ്രപ്രകാശവും
ഭംഗമെന്നിയേ ചന്ദനത്തെന്നലും
സംഗതങ്ങളായീടേണമിപ്പോഴേ.

ശൃംഗാരങ്ങളിൽ മുങ്ങിക്കുളിക്കേ[3]ണം
ഗംഗാധാരിയായുള്ള ജഗന്നാഥൻ.
എന്നീവണ്ണം പറഞ്ഞു വസന്തത്തെ
മുന്നിലങ്ങു നിയോഗിച്ചു മന്മഥൻ.

---

1 മരു-ഖ; ഗ. 2. ചൊ-ഖ; ഗ. 3. ക്ക-ഖ; ഗ.

Digitized By Kerala Sahitya Akademi

പിന്നാലെ താനും തന്നുടെ ഭാര്യയും
സന്നാഹത്തോടെ കാട്ടിലകം [1]പുക്കാൻ.
ശംഭുകാനനന്തന്നിൽ വസന്തവും
ജൃംഭിച്ചാശു വളർന്നു തുടർന്നപ്പോൾ, 312

കുംഭിസിംഹാദിസത്വങ്ങളൊക്കവെ
ഗംഭീരധ്വനിഘോഷം തുടർന്നിതു.
കൊമ്പനാനത്തലവൻ പിടിയുടെ
പിമ്പേകൂടി [2]രമിച്ചു നടക്കുന്നു.

വമ്പരായുള്ള സിംഹങ്ങളൊക്ക[3]വെ
തൽപ്രിയമാരോടൊന്നിച്ചു [4]മേളിച്ചു.
വമ്പുലികളും തന്നുടെ തന്നുടെ
പെൺപുലികളെത്തേടി നടക്കുന്നു.

പന്നിക്കൂട്ടമ്മഹിഷങ്ങൾ മാനുകൾ
പന്നിപ്പേട മഹിഷി [5]മൃഗികളും
ഒന്നിച്ചോരോരോ മാരവിലാസത്തെ
നന്ദിച്ചാശു തുടങ്ങീ പലവിധം. 324

പുള്ളിമാൻപേടമാരും മൃഗങ്ങളും
വള്ളിക്കൂട്ടത്തിനുള്ളിൽ കടന്നുടൻ
തുള്ളിച്ചാടിക്കളിച്ചു പുളച്ചുകൊ-
ണ്ടുള്ളിലുള്ള മനോരഥമാടുന്നു.

ചെമ്പകങ്ങളും ചൂതം പലാശവും
സംഭ്രമത്തോടെ പൂത്തു തഴുത്തുടൻ

---

1. പുക്കു–ഖ; ഗ.
318 കഴിഞ്ഞു (മേളിച്ചു")–ങ്ങൾപ്രിയമാരോടു വാണാർ പലതരം" എന്ന ഒരു വരി 'ഖ'യിൽകൂടുതൽ
2. നടക്കുന്നു മന്ദമായ°–ഖ. 3. ഞ്ഞം–ഖ. 4. ക്രീഡിച്ചു–ഗ.
5. ഗങ്ങളും–ഖ. 323 തുടങ്ങി 3 വരികൾ 'ഗ'യിൽ ഇല്ല.

Digitized By Kerala Sahitya Akademi

[1]സംഭൃതാ മധുമാരി ചൊരികയും
സംപ്രമോദേന വണ്ടു വരികയും,

തണ്ടാരിൽ മധുവുണ്ടു [2]സുഖിക്കയും
തണ്ടാർബാണവികാരം മുഴക്കയും
കണ്ടാലാ[3]നന്ദമുണ്ടാം കിളികളും
പണ്ടാരക്കോഴി കോകിലക്കൂട്ടവും,

കൊണ്ടാടിക്കൊണ്ടു പാടിപ്പറക്കുന്നു
മിണ്ടാതെ പുനരാരുമില്ലക്കാലം.
ഉണ്ടായോരു വിശേഷങ്ങളൊക്കവെ[4]
കണ്ടാലത്ഭുതമെന്നു പറയാവൂ.

(മട്ടു മാറി)

ഉന്നതശൈലവനങ്ങളിലിയലും
കിന്നരചാരണകിംപുരുഷന്മാർ
തന്നുടെ തന്നുടെ തരുണീമണികളി-
ലിളകിന മദമൊടു കളികൾ തുടങ്ങി.

പന്തുകളാടുക പകിട [5]കളിക്കുക
ചിന്തുകൾ പാടുക ചിലരതിമോദാൽ
പന്തുവരാടി വരാടി മുഖാരി
സുരുട്ടി എരിക്കില മലഹരി ബലഹരി,

ചന്തമിയന്നൊരു മുരളിയിലൂതുക
സന്തതമൊരുവക നാടകമാടുക
അന്തകരിപുചരിതസ്തുതിവാക്കുക-
ളന്തരനന്തസുഖേന തുടന്നു;

---

1. ഭൃമം–ക, ഗ. 2. രസിക്കേണം–ക. 3. ള്ള–ക; ഗ.
4. യും–ഖ. 5. കളഥ–ക, ഗ.

Digitized By Kerala Sahitya Akademi

പന്തണിമുലമാരുടെ പരിരംഭണ-
മെന്തിനു ഹന്ത! കുറച്ചീടുന്നു.
ചിന്തയിലിങ്ങിനെ കരുതി മുതിൎന്നിതു
ഗന്ധൎവ്വന്മാരചലവനാന്തേ.

മലകളിലിളകിന മലയസമീരൻ
മലർകുലപരിമളമേന്തി വരും[1]പോൽ
കലപുലികരിഹരിശരഭാദികളുടെ
കലശല പലദിശി മദരതിമൂലം. 360

കിളികളുമളികളുമവിരളമ[2]ദമൊടു
കളികളിലിളകിന കളകളമോടെ
തെളിവൊടു മടുമലർമധുമണമുടയൊരു
വനമതിലനവധി വിലസീടുന്നു.

ഇത്തരമുള്ള വികാരം വനഭുവി
സത്വരമങ്ങു തുടൎന്നു ദശായാം
മൃത്യുഞ്ജയനുടെ ഭൃത്യനതാകിന[3]
നിത്യനിഷേവണനിരതൻ നന്നിവൻ;

അസ്ത്രമെടുത്തു പിടിച്ചു മിഴിച്ചൊരു
നേത്രംകൊ[4]ണ്ടു മറിച്ചഥ നോക്കി.
കുടിലമതാകി[5]ന പിരികക്കൊടിമുന
വടിവിലിളക്കി വില[6]ക്കിന [7]സമയേ, 372

തത്ര മൃഗങ്ങളുമഖിലമരങ്ങളു-
മുദ്ധതചാരണകിന്നരഗണവും
ചിത്രേ വിലിഖിതമെന്നതുപോലെ-
യടങ്ങിയൊതുങ്ങി വസിച്ചിതു സകലം.

ഒന്നാം പാദം സമാപ്തം

1. രുന്നു-ഖ. 2. മടുക-ഖ. 3. യ-ഖ, ഗ.
4. ഞ്ഞ-ക,ഖ. 5. യ-ഖ. 6. സി-ഖ; ഗ. 7. നേരം-ഗ.

Digitized By Kerala Sahitya Akademi

## രണ്ടാം പാദം

സർവ്വലോകാധിനാഥൻ സദാശിവൻ
സർവ്വദാനന്ദമൂർത്തി സനാതനൻ
നിർവ്വികാരൻ നിരഞ്ജനനീശ്വരൻ
നിർവ്വിഷാദൻ വിഷാദൻ നിരാമയൻ;

സർവ്വതാപസന്മാർക്കും നിവാസമാം
പർവ്വതാധീശൻതന്റെ മുകൾഭാഗേ
സർവ്വസംഗം വെടിഞ്ഞു ജിതേന്ദ്രിയൻ
ശർവ്വദേവൻ തപം ചെയ്തു മേവുന്നു.

പര്യങ്കാസനബന്ധമുറപ്പിച്ചു
പര്യുപാസനം ചെയ്തു നിരന്തരം
പര്യുദാസവും ചെയ്തു മനസ്സിന്റെ
പര്യുകർഷണവസ്തുക്കളൊക്കവെ. 12

തന്റെ മാനസം തങ്കലുറപ്പിച്ചു
തന്റെ തത്ത്വങ്ങൾ താനേ വിചാരിച്ചു
ആനന്ദാത്മകബ്രഹ്മമാകുന്നതും
താനാകുന്നതുമൊന്നെന്നു കല്പിച്ചു.

നാനാജന്തുക്കൾക്കാധാരമാകുന്ന
ജ്ഞാനാകാരം പരംതത്ത്വമെപ്പൊഴും
ധ്യാനംകൊണ്ടു വിലോകനം ചെയ്തയാ-
ലാനന്ദാമൃതമഗ്നനായങ്ങിനെ.

നാലു ഭാഗത്തും കല്പവൃക്ഷങ്ങളാൽ
വേലി കെട്ടിയുറപ്പിച്ചതിന്നുള്ളിൽ

1. ച്ച ത—ഗ.

Digitized By Kerala Sahitya Akademi

സ്വൎണ്ണവൎണ്ണം പുലിത്തോൽ വിരിച്ചൊരു
മണ്ഡപം[1]തന്നിലാവാസം ചെയ്തുടൻ;

കണ്ണു മൂന്നുമടച്ചു കരങ്ങളും
മണ്ഡലത്തിലടക്കിയുറപ്പിച്ചു.
ജ്ഞാനമുദ്രയും രുദ്രാക്ഷമാലയും
മാനും ശൂലം പരശു[2] കടുന്തുടി,

തിങ്കൾത്തെല്ലുമങ്ങെല്ലും ഭുജംഗവും
തങ്കലുള്ളൊരു ചിഹ്നങ്ങളൊക്കവെ
അന്തികങ്ങളിലാധാനവും ചെയ്തു
ദന്തിചൎമ്മത്തെക്കൊണ്ടു വിതാനിച്ചു.

യോഗപ[3]ട്ടവുമുത്തരീയാദിയും
നാഗത്താന്മാരെക്കൊണ്ടങ്ങുളവാക്കി
യോഗധ്യാനവും ചെയ്തു വസിക്കുന്ന
ഭാഗധേയസ്വരൂപപ്രകാശത്തെ,

ചെന്നു കണ്ടപ്പോൾ തന്റെ(?തന്നെ)മനോഭവൻ
നിന്നു ദേഹം വിറച്ചു തളൎന്നുടൻ
വില്ലുമിട്ടങ്ങു വീണു മഹീതലേ
തെല്ലു നേരം പരവശമെന്നല്ല[4].

ബോധം കെട്ടു കിടന്നോരനന്തരം
മാധവൻ ചെന്നു താങ്ങിപ്പിടിച്ചുടൻ
മെല്ലവെ ജലംകൊണ്ടു തളിക്കയും
പല്ലവംകൊണ്ടു വീ[5]ശിത്തണുപ്പിച്ചും[6],

---

1. ലം-ഖ. 2. രിഘ-ഖ. 3. പ്പ-ക,ഖ.
4 ല്ലാം-ഗ. 5. യി-ഗ. 6 ച്ചു-ക,ഖ.

Digitized By Kerala Sahitya Akademi

നല്ല പുഷ്പം മണപ്പിക്കയും ചെയ്തു
മല്ലബാണൻെറ ബോധമങ്ങുണ്ടാക്കി.
നാണി[1]ച്ചുംകൊണ്ടെഴുന്നേററു മന്മഥൻ
ബാണവും വില്ലും മെല്ലെയെടുത്തങ്ങു, 48

ക്ഷീണഭാവം മറച്ചു മഹാരഥൻ
പ്രാണനാഥയോടേവമുരചെയ്തു:–
വല്ലഭേ! രതീദേവി! വരികെടോ!
[2]വല്ലാതെങ്കിലും കല്പിച്ചു കൂട്ടി ഞാൻ.

[3]കില്ലുകൂടാതെ രുദ്രാക്ഷവഹ്നിയിൽ
വില്ലുമായിപ്പതിച്ചു ശരീരത്തെ
വെണ്ണുനീറാക്കുന്നുണ്ടു ഞാൻ വൈകാതെ
കണ്ണുനീർ പൊഴി[4]ക്കേണ്ട നീ കാമിനി!

മണ്ണും വെള്ളവുമിത്യാദികൊണ്ടൊരു
പിണ്ഡമല്ലോ ശരീരമതായതും.
അസ്ഥി രക്തം മലമൂത്രമെന്നുള്ള
ദു[5]സ്ഥിതങ്ങളാം ദുർഗ്ഗന്ധവസ്തുക്കൾ, 60

ഒക്കെയുള്ളിൽ നിറച്ചു പുറത്തൊരു
തൊക്കുകൊണ്ടു മറച്ചു പു[6]തച്ചഹോ!
ഇ[7]ക്കണക്കു നടക്കുന്നു ദേഹികൾ
മിക്കവാറുമശുദ്ധിക്കു സാധനം.

ചന്ദ്രനെപ്പോലെ ചാരു മുഖമെന്നും
ചന്ദ്രികപോലെ മന്ദസ്മിതമെന്നും

---

1. ന്നീ–ക,ഗ. 2. ല്ല–ഗ. 3. വിഘ്നം–ക.
4. ക്കല്ല–ഗ. 5. ര–ഖ, ഗ. 6. പുതിഞ്ഞഹോ–ക.
7. ന്ന–ഖ, ഗ.

Digitized By Kerala Sahitya Akademi

വില്ലുപോലെ പിരികക്കൊടിയെന്നും
പല്ലവംപോലെ പാണിദ്വ[1]യമെന്നും;

മുല്ലമൊട്ടിന്നു തുല്യങ്ങൾ പല്ലുകൾ
ഫുല്ലപങ്കജംപോലെ നയനങ്ങൾ
കുന്നുപോലെ കുചമെന്നും[2] കല്പിച്ചു
നന്നു നന്നെന്നു ഭാവിച്ചിരിക്കുന്ന,

സുന്ദരന്മാർക്കും സുന്ദരിമാർക്കുമീ
സ്പന്ദനാത്മകപ്രാണൻ ഗമിക്കുമ്പോൾ
മുഗ്ദ്ധമാകും ശരീരത്തിനന്തികേ
മൂക്കു പൊത്താതെ ചെന്നങ്ങു നില്ക്കുമോ?

ചത്തുപോകുന്ന ഗാത്രത്തിൽ കൗതുകം
സത്തുക്കൾക്കു ഭവിക്കയില്ലേതുമേ.
മറ്റും നമ്മുടെ ദേഹങ്ങളെക്കൊണ്ടു
മറ്റുള്ളോർക്കുപകാരത്തെച്ചെയ്യാ[3]കിൽ,

കുറ്റമില്ല കുറഞ്ഞൊരു[4] കാലം താ-
നേറ്റിക്കൊണ്ടു നടന്നതു നന്നാകും.
മർത്ത്യന്മാർക്കുമമർത്ത്യജനങ്ങൾക്കും
മൃത്യുഭാവത്തിനേതും കുറവില്ല.

അല്പകാലം മനുഷ്യർക്കു ജീവിതം
കല്പകാലാന്തം ദേവജനങ്ങൾക്കും[5]
അത്രമാത്രമേ ഭേദം വരാനുള്ളു
ഗാത്രനാശമെന്നുള്ളതൊരുപോലെ.

---

1. തല–ഖ, ഗ. 2. ന്ദ–ക. 3 യ്യാസ്സിൽ–ക.
4. ഞാ:–ഖ. 5 ക്ക്–ഖ.

Digitized By Kerala Sahitya Akademi

എന്നതുകൊണ്ടു ഞാനുമെന്നംഗത്തെ
ഇന്ദ്രനാദിസുരന്മാൎക്കുപകാരം
വന്നുകൂടുമെന്നാകിലുപേക്ഷിപ്പാ[1]-
നിന്നു സന്ദേഹം കൂടാതൊരുമ്പെട്ടേൻ.

സുന്ദരി! രതീദേവി! സുലോചനേ!
വന്ദനീയൻ മഹാദേവനീശ്വരൻ
വിശ്വസാക്ഷി വിരിഞ്ചാദികാരണൻ[2]
വിശ്വസിക്കുന്നവൎക്കു വശംവദൻ.

മുക്തികാമിക്കു മുക്തി കൊടുപ്പാനും
ഭുക്തികാമിക്കു ഭുക്തി കൊടുപ്പാനും
ശൈവതേജസ്സിനെപ്പോലെ മറ്റൊരു
ദൈവമില്ലെന്നറിക രതീദേവി!

അക്കണക്കു മഹത്തായ ദേവന്റെ
തൃക്കനൽക്കണ്ണിലാഹുതിയാകി[3]യാൽ
ഇക്കളേബരംകൊണ്ടുള്ള കാൎയ്യങ്ങൾ
ഒക്കെസ്സാധിച്ചു ബാലേ! നമുക്കിപ്പോൾ.

ഇപ്രകാരം പറഞ്ഞങ്ങു നിൽക്കുമ്പോ-
ളപ്രദേശം പ്രകാശിച്ചു കാണായി.
അപ്രമേയമൊരാകൃതിസൗന്ദൎയ്യം
തത്പ്രഭാജാലമദ്ധ്യേ വിളങ്ങുന്നു.

[4]വെണ്ണിലാവിന്റെ വെണ്മകണക്കിനെ
കണ്ണിനാനന്ദം നല്കുന്ന[5] കാന്തിയാൽ

---

1. ത്തന്റെ–ഗ. 2. ണഃ–ഖ, ഗ.
98–ാം വരികഴിഞ്ഞു ഭക്തികാമിക്കു ഭക്തിയും വിശ്രുതം–എന്നു ഒരു വരി ഖ, ഗ എന്നിവയിൽ കൂടുതലായി കാണുന്നു.
3. ക്കി–ഖ, ഗ. 4. വിന്നി–ക. 5. നു–ഖ.

Digitized By Kerala Sahitya Akademi

സ്ഥാണുകാനനമൊക്കെ വിളങ്ങവെ
കാണുമാറായി കാമനും ഭാൎയ്യയും.

പിന്നെയുമങ്ങു സൂക്ഷിച്ച നേരത്തു
കന്യകാമണിരൂപവും കാണായി
കന്നൽനേർമിഴിയാളായ ഗൗരിയും
തന്നുടെ സഖിമാരുമൊരുമിച്ച്;

[1]പന്നഗാകല്പനാകുന്ന ദേവന്റെ
പാദപങ്കജം പൂജിപ്പതിന്നായി
പുഷ്പഗന്ധജലാദിപദാൎത്ഥങ്ങൾ
ശില്പമായിക്കരത്തിലെടുത്തുകൊ–,

ണ്ടുത്പലാക്ഷി പതുക്കപ്പതുക്കവെ
തത്പ്രദേശം [2]പ്രവേശം തുടങ്ങിനാൾ
കെട്ടഴിഞ്ഞു [3]കിഴിഞ്ഞ പുരികുഴ–
ലൊട്ടു കൈകൊണ്ടു താങ്ങിക്കൊണ്ടങ്ങനെ.

[4]മട്ടലർമണം തേടുന്ന വണ്ടുകൾ
കൂട്ടമോടെ കുസുമവനങ്ങളെ
ഒട്ടുമാദരിക്കാതെ വെടിഞ്ഞുകൊ–
ണ്ടെട്ടു ദിക്കി[5]ന്നും വന്നു പരക്കവെ,

മട്ടോലുംമൊഴിയാളുടെ പിന്നാലെ
വട്ടമിട്ടു പറന്നു നടക്കുന്നു.
നാളീകാക്ഷിതൻ നിശ്വാസസൗരഭ്യം
ലാളിപ്പാനായ് വരുന്നൊരു വണ്ടിനെ,

---

111 മുതൽ 5 വരികൾ 'ഖ'യിൽ ഇല്ല. 1. വന്നരാകല്പ–ക, ഗ. 2. ശല്പ്ര–ഖ. പ്രവേശപ്രവേശം–ഗ. 3. കിഴിഞ്ഞു–ഖ; കഴിഞ്ഞ–ഗ. 4. മത–ഖ,ഗ. 5. ഇ–ഖ, ഗ.

Digitized By Kerala Sahitya Akademi

കേളിപങ്കജംകൊണ്ടു പത്തുക്കവൈ
കേവലമങ്ങു വാരണം ചെയ്കയും
നീലപങ്കജപത്രം ജയിച്ചൊരു
ലോലലോചനലീലാവിലാസവും.

[1]കുന്ദകന്ദളചന്ദ്രപ്രഭകളെ
[2]നിന്ദിച്ചീടുന്ന മന്ദസ്മിതങ്ങളും
കുന്നിൽമാതിന്റെ കുററമകന്നൊരു
സുന്ദരാകൃതി [3]ഭംഗികളിങ്ങനെ.

കാണുന്നേരത്തു കാമന്റെ ഭാഗ്യയും
നാണം പൂണ്ടു മുഖം താഴ്ത്തി നിന്നിതു.
മുപ്പുരാരിതൻ ചിത്തമിളക്കുവാൻ
ഇപ്പോൾ നല്ലൊരവസരമുണ്ടായി. 144

ഉത്പലാക്ഷീകടാക്ഷങ്ങളാമെന്റെ
ഉത്പലാസ്ത്രങ്ങളൂന്നി പ്രയോഗിച്ചാൽ
കെല്പുള്ളൊരു തപോധനന്മാരുടെ
[4]ഉൾപ്പൂബന്ധം പിളപ്പാൻ തടവില്ല.

[5]മുല്ലസായകനിത്ഥം [6]വിചാരിച്ചു
വില്ലെടുത്തു [7]കുലച്ചു വീട്ടിച്ചുടൻ
സമ്മോഹാസ്ത്രമെടുത്തു തൊടുത്താശു
[8]സമ്മോദേന വലിച്ചു വലംചെവി-,

തന്നിൽ ചേർത്തങ്ങിടത്തെപ്പദാംബുജം
മുന്നിൽ വച്ചങ്ങുറപ്പിച്ചു നിന്നുടൻ

1. കു-ഖ. 2. നന്നിച്ചീടിന-ക. 3. ഭംഗികളൊക്കവെ-ഗ.
4. ഉൾബ്ബന്ധങ്ങളറപ്പാൻ-ഖ. 5. പുഷ്പസായക-ഖ,ഗ.
6. നിരൂപിച്ചു-ഗ. 7. കുലച്ചുവലിച്ചുടൻ-ഖ; കയ്യിൽ പിടിച്ചുടൻ-ഗ.
8. സാമോദേന-ഖ.

Digitized By Kerala Sahitya Akademi

കച്ചക്കെട്ടിലമന്ന ഭൃ[2]ശംഖലം
മെച്ചമോടെ ശിവങ്കലുറപ്പിച്ചു.
തഞ്ചത്തിൽ താണു മാറിലെടുത്തങ്ങ
പഞ്ചസായകനഗ്രേ സ്ഥിതിചെയ്തു.

[3]ശൈലപുത്രിയുമാളീജനങ്ങളും
കാലശത്രുതന്നന്തികം പ്രാപിച്ചു.
നാലും മൂന്നും പ്രദക്ഷിണവും [4]വെച്ചു
[5]നാഥപാദേ നമസ്കരിച്ചാദരാൽ

തോയം ഗന്ധം കുസുമാക്ഷതങ്ങളും
മായമെന്യേ സമർപ്പിച്ചു രുദ്രങ്കൽ.
ഹേമപത്മാക്ഷമാലയെ നല്കുവാൻ
കോമളാംഗിയുമാരംഭിച്ചീടിനാൾ.

കാമദേവനും സമ്മോഹനമെന്ന[6]
നാമമു[7]ള്ളൊരു [8]ബാണം തൊടുത്തിതു.
കൃത്തിവാസാവാമീശനനന്തരം
ചിത്തബന്ധമഴിഞ്ഞു പതുക്കവെ.

---

1. ക്കെടി-ഖ. 2. മൃഗം-ഖ.
3. ശൈവകന്യ-ക; ശൈവപുത്രി-ഖ. 4. ചെയ്തു-ഖ, ഗ.
5. ഥൻ-ഗ. 6. ന്ന-ഖ, ഗ. 7 ള്ള തന്നസ്ത്രം-ഖ.
8. അസ്ത്രം-ഗ.

Digitized By Kerala Sahitya Akademi

നേത്രപത്മം മിഴിച്ചുങ്ങുമയുടെ
വക്ത്രപത്മം വിലോകനം ചെയ്തപ്പോ-
ളെത്രയും നല്ല കാമവും പ്രേമവും
നേത്രാനന്ദവുമുണ്ടായി ദേവനു.

സുന്ദരാംഗിതന്നംഗം മനോഹരം
മന്ദമൊന്നു പുണരേന്ന് മതിയാവൂ
എന്നൊരാഗ്രഹമാ[1]ണ്ടിതു തൽക്ഷണം
തന്നെത്താനേ മറന്നു മഹേശ്വരൻ.

അപ്പോഴുന്തന്നെ വികാരമടക്കിക്കൊ-
ണ്ടുൾപ്പൂവിങ്കൽ വിചാരം തുടങ്ങിതു
എന്തിവണ്ണമെന്നന്ത[2]സ്സമാധാന-
ഗ്രന്ഥിശൈഥില്യമുണ്ടാവാൻ കാരണം?

ഏതു മൂഢന്റെ ദുർവ്യാപാരോദ്യോഗം
ഹേതുവായിട്ടിളക്കി മന്മാനസം.
കാലകാലനിവണ്ണം വിചാരിച്ചു
നാലു ദിക്കിലും തൃക്കൺപാർക്കുന്നേരം,

അഗ്ര[3]ഭാഗത്തു ദൂരത്തു കാണായി
വിഗ്രഹത്തിന്നൊരുമ്പെട്ടു മന്മഥൻ.
മോഹനാസ്ത്രം തൊടുത്തു പതുക്കവേ
ദേഹമൊന്നു ഞെളിഞ്ഞു വിലങ്ങത്തിൽ,

വാമപാദവും [4]മുന്നിലുറപ്പിച്ചു
വാമ[5]ദൃഷ്ടിയുണർത്തി വസിക്കുന്നു.

1 മുണ്ടായി–ഖ, ഗ. 2. സ്സമാധിക്കു ഗ്ര–ഖ. 3 ദൂരവേ–ഗ.
4. ഉന്നിയുറപ്പിച്ചു–ഖ, ഗ. 5. യത്തി–ഖ, ഗ.

Digitized By Kerala Sahitya Akademi

അപ്രകാരത്തിൽ നിൽക്കുന്ന കാമനെ
ക്ഷിപ്രമീക്ഷണം ചെയ്തു പുരാന്തകൻ.

അപ്രമേയപ്രകോപം കലർന്നുടൻ
തൽപ്രദേശങ്ങളൊക്കെ ജ്വലിക്കവേ
ഫാലനേത്രം മിഴിച്ചോരനന്തരം
ജ്വാലമാലകളോടെ മഹാനലൻ,

കാലകാലന്റെ മൂന്നാം തിരുക്കണ്ണിൽ
കാലവഹ്നികണക്കിനെ[1] ജൃംഭിച്ചു.
കാലതാമസം കൂടാതെ ചെന്നങ്ങു
മാലതീശരൻ തന്നുടെ ഗാത്രത്തിൽ,

തൂലരാശിയിലുജ്ജ്വലിക്കുമ്പോലെ
ചാലവേ പിടിപെട്ടു പ[2]രക്കവേ. 204
കാലുതൊട്ടു തലയോളമൊ[3]ക്കവേ
മാലചൂടി മണം പെരുകീടുന്ന,

നീലക്കുന്തലിലേ[4]ന്തി ജ്വലിക്കയും
സ്ഥൂലമസ്ഥികൾ പൊട്ടിത്തെറിക്കയും
* മൂലരന്ധ്രത്തിനൂടെ കടക്കയും
മൂലാധാരം ദഹിച്ചു പതിക്കയും,

ഫാലദേശം കപാലം കപോലവും
നാലുദിക്കിലും ചിന്നിപ്പതിക്കയും
ആകാശംതന്നിൽ വ[5]ന്നിഹ നിൽക്കുന്ന
ലോകാധീശന്മാരെട്ടും വസുക്കളും,

1. കണക്കെ വിജൃംഭിച്ചു—ഖ. 2. പതുക്കവേ—ഖ, ഗ.
3. മാകവേ—ഖ, ഗ. 4. ലെന്തി—ഖ ഗ 5. വന്നിങ്ങു—ഖ, ഗ.
* ഈ വരി 'ഗ' മാതൃകയിലില്ല.

Digitized By Kerala Sahitya Akademi

ചന്ദ്രസൂര്യന്മാരശ്വിനീദേവന്മാ-
രിന്ദ്രലോകസ്ഥന്മാരാമമർത്ത്യന്മാർ 216
സിദ്ധവിദ്യാധരാദിഗണങ്ങളും[1]
ബദ്ധപ്പെട്ടു വിളിച്ചു പറയുന്നു.

വാമദേവ! നമസ്തേ നമോസ്തു തേ
സോമചൂഡ! നമസ്തേ നമോസ്തു തേ
ശ്രീമഹേശ! നമസ്തേ നമോസ്തു തേ
ഭീമദേവ! നമസ്തേ നമോസ്തു തേ.

കാമദേവനെ സംഹരിച്ചീടൊലാ[2]
കാമദ! കരുണാമൃതവാരിധേ!
സാമലീന! സമസ്തജനേശ്വര!
സാമവാക്യം പരിഗ്രഹിക്കേണമേ.

മോഹവാരിധിമഗ്നനാം കാമന്റെ
സാഹസത്തെസ്സഹിച്ചരുളേണമേ! 228
ദേഹരത്നം ദഹിച്ചുകളയാതെ
സ്നേഹത്തോടെ പരിപാലിക്കേണമേ.

ഇത്ഥം ദേവകൾ ഘോഷിക്കും മുന്നമേ
ചിത്തജൻഗാത്രം ഭസ്മമായ് വീണിതു.
രൂക്ഷമാകുമിടിത്തീയിൽ വെന്തൊരു
വൃക്ഷംപോലെ ദഹിച്ചുമഹീതലേ.

ഭസ്മശേഷമായ്ക്കാണായി കാമന്റെ
വിസ്മയാസ്പദമായൊരു വിഗ്രഹം.
കാമദേഹത്തെക്കണ്ടു ഭയപ്പെട്ടു
പൂമെയ് പാരം തളർന്നു നിന്നീടുന്ന,

1 ജനങ്ങളും—ഖ, ഗ. 2 ടൊല്ലാ—ഖ, ഗ.

Digitized By Kerala Sahitya Akademi

പുത്രിയെ വന്നെടുത്തു ഹിമവാനും
തത്ര നിന്നു ഗമിച്ചു പുരം പുക്കു.
ചന്ദ്രശേഖരസ്വാമി ഭഗവാനും
നന്ദികേശ്വരനാദി[1]ഗണങ്ങളും,

മന്ദമെന്നിയേ തത്ര മറഞ്ഞിതു
മന്ദഭാഗ്യ രതി മാത്രം ശേഷിച്ചു.
ബോധം കെട്ടു കിടന്നു രതീദേവി
ബാധയൊന്നും ഗ്രഹിക്കാതിരുന്നവൾ.

ബോധിച്ചുത്ഥാനം ചെയ്തു വിധിവശാ-
ലാധിക്കുള്ളൊരു കാരണമന്നേരം
ഭൂതലംതന്നിൽ തന്നുടെ കാന്തനെ
ഭൂതിമാത്രസ്വരൂപേണ കണ്ടപ്പോൾ,

കാതരാക്ഷി കരഞ്ഞു തുടങ്ങിനാ-
ളാതുരപ്പെട്ടു വീണുരു[2]ണ്ടങ്ങിനെ.
തൻകരംകൊണ്ടു തന്നുടെ മാറത്തു
ശങ്ക കൂടാതെ താഡനം [3]ചെയ്യുമ്പോൾ,

കങ്കണങ്ങൾ തകർന്നു പതിക്കയും
സങ്കടങ്ങൾ പറഞ്ഞാലൊടുങ്ങുമോ?
മന്ദഭാഗ്യയാമെന്നെ [4]മറന്നഹോ!
സുന്ദര! ഭവാനെങ്ങു ഗമിക്കുന്നു?

[5]മന്ദഹാസമനോഹര! നിന്മുഖ-
മെന്നു ഞാനിനിക്കാണുന്നു [7]ഭർത്താവേ!

1. ജനങ്ങളും ഖ, ഗ. 2. ണ്ടിങ്ങനെ—ഖ. 3. ചെയ്തപ്പോൾ ഖ, ഗ.
4. വെടിഞ്ഞഹോ!—ഖ ഗ. 5. മന്മനോഹര—ഖ, ഗ.

Digitized By Kerala Sahitya Akademi

[1]ചന്ദനമരത്തെന്നലും ചന്ദ്രനും
ചന്തമേറും വസന്തവുമന്തികേ

നന്ദിപൂണ്ടു സഹായമായുള്ള[2]വർ
മന്ദന്മാരിപ്പോളാരുമില്ലാതായി 264
കോകിലങ്ങളും ഭൃംഗകുലങ്ങളും
ആകുലപ്പെട്ടുഴലും രതിയുടെ

ശോകംകൊണ്ടൊന്നും മിണ്ടാതെ നില്ക്കയോ
മാകന്ദായുധനോടേ ഗമിക്കയോ?
ഭാ[3]ര്യയാമെന്നെക്കൂടാതൊരു നേരം
കാര്യമൊന്നും നിനക്കില്ല മുന്നമേ.

ആര്യ[4]നാം ഭവാനദ്യോ മനോഭവാ!
വൈ[5]രമെന്നോടു കാട്ടുന്നതെന്തിപ്പോൾ.
നാരിമാരിലനുരാഗമുള്ളോരു
പൂരുഷന്മാരെ വിശ്വസി[6]ച്ചീടൊല്ല.

ചാരുവാണിമാരൊക്കെ ഗ്രഹിക്കേണം
ആരുമാരുമറിയാതിരിക്കേണ്ട 279
പ്രേമമുള്ളോരു കാലം പുരുഷന്മാർ
പ്രേയസിയെന്നും പ്രാണസമയെന്നും,

കാമിനിയെന്നും കല്യാണി നീയെന്നും
ഭാമിനിയെന്നുമെപ്പോഴും ഘോഷിക്കും
നീരസമെന്നു തോന്നി[7]ത്തുടങ്ങുമ്പോൾ
പേരുമാറി വിളിക്കും പതുക്കവേ.

---

1. ചന്ദനാചല-ഖ ചന്ദനതലചന്ദ്രിക തെന്നലും ഗ, 2. ള്ളവൻ-ക,
3. ഭിനം-ഖ.ഗ 4. ഭവൻ-ഖ. 5. ന്നമ്മോടു-ഖ.
6. ച്ചീടരുതേ-ഖ. 7. ങ്ങിയാൽ-ഖ ഗ.

Digitized By Kerala Sahitya Akademi

കാൎയ്യമെന്നതുമാത്രമുരചെയ്യും
കാൎയ്യം വിട്ടു കളിക്കാതെയാൎക്കും
ഒട്ടും കാംക്ഷയില്ലാ[1]താൎക്കുമന്നേരം
വിട്ടുപോവാനുമേതും മടിയില്ല.

[2]മുട്ടുന്നേരമൊരുതരമെങ്കിലും
കിട്ടുകില്ലെ[3]ന്നാലൊട്ടു ശകാരിക്കും. 288
ചട്ടമിങ്ങനെ ചങ്ങാതിമാരുടെ
കഷ്ടമെന്നേ പറവാനെനിക്കുള്ളു.

മട്ടലർബാണ! നീയെന്നെയിക്കാട്ടിൽ
ഇട്ടുറ[4]ക്കിക്കിടത്തിച്ചതിച്ചിതോ?
എങ്കിൽ ഞാനിനി നിന്നുടെ പിന്നാലെ
ശങ്കകൂടാതെ കൂടെഗ്ഗമിക്കുന്നേൻ.

[5]അംഗജ! നിന്റെ ഭസ്മത്തിൽ വീണു ഞാ-
നംഗരംഗി വിലേപനം ചെയ്തുടൻ,
അങ്ങുമിങ്ങും ജ്വലിക്കും ഭവാഗ്നിയി-
ലങ്ങു ചാടി ശരീരം ദഹിപ്പിച്ചു,

മംഗലസ്ത്രീജനത്തിന്റെ ധൎമ്മത്തെ
മങ്ങാതെ കണ്ടു ചെയ്യാൻതുടങ്ങുന്നു 300
എന്നീവണ്ണം പറഞ്ഞു കരഞ്ഞുകൊ-
ണ്ടുന്നതസ്തനിയാകും രതീദേവി

തന്നുടെ ദേഹമഗ്നിയിലാക്കുവാൻ
സന്നാഹിച്ചെഴു[6]ന്നീറ്റൊരു നേരത്തു

---

1. യില്ലാതെ വ-ഖ.ഗ 2. മുട്ടുമ്പോഴൊരുതരമവൻ കണ്ണ-ക. താരമവനേകന്നു-ഗ.
3. ല്ലന്നല്ലാട്ട-ഖ.ഗ 4. ങ്ങി-ക 5. അംഗജൻതന്റെ-ഗ. 6. ന്നേ-ഖ.ഗ.

Digitized By Kerala Sahitya Akademi

അംബരംതന്നിൽ നിന്നൊരു ഭാരതി
ശംബരാരിപ്രിയയോടങ്ങുണ്ടായി:—

മന്മഥന്റെ മഹിഷീ! മനോഹരേ!
വെണ്മയോടേ നിശമനംചെയ്ക[1] നീ
നിർമ്മലംതവ ദേഹം ത്യജിക്കൊലാ
* ശർമ്മം മേലിൽ വരും തവ വൈകാതെ.

* മന്മഥാരി ഭഗവാൻ പ്രസാദിക്കും
മന്മഥന്റെ ശരീരത്തെയും നൽകും 312
നിന്മനോദയിതന്നു ഭവിച്ചൊരു
കന്മഷത്തിന്റെ കാരണം കേട്ടാലും.

ഏതെങ്കിലോ പണ്ടു പങ്കജസംഭവൻ
മങ്കമാരെ സൃഷ്ടിച്ചു പലവിധം
തൻകരത്തിന്റെ കൗശലമൊക്കവേ
സംഘടിപ്പാനൊരുത്തിയെ തീർക്കണം.

തിങ്കൾബിംബത്തിനുള്ളൊരു സാരവും
പങ്കജങ്ങളിലുള്ളൊരു സാരവും
മുല്ലമൊട്ടുകൾക്കുള്ളൊരു സാരവും
† നല്ല പല്ലവങ്ങൾക്കുള്ള സാരവും,

നീല മേഘങ്ങൾക്കുള്ളൊരു സാരവും
മാലതീകുസുമത്തിന്റെ സാരവും 324
നീലപത്മദളത്തിന്റെ സാരവും
ബാലകോകിലംതന്നുടെ സാരവും,

താലജാലഫലത്തിന്റെ സാരവും
ആലിലയ്ക്കുള്ളൊരാകൃതിസാരവും
സ്ഥൂലരംഭായുഗത്തിന്റെ സാരവും
ചാലവേ പുളിനത്തിന്റെ സാരവും

---

1. ചെയ്യാലും—ഖ. * *ഈ രണ്ടുവരികൾ 'ഖ' പാഠത്തിൽ ഇല്ല

† തുടങ്ങി 8 വരികൾ 'ക' പാഠത്തിൽ ഇല്ല.

Digitized By Kerala Sahitya Akademi

തങ്കപ്പൊന്നിൻെറ[1] സാരവുമൊക്കവേ
സംക്രമം കൂടാതാദാനംചെയ്തുടൻ
പങ്കസങ്കരമില്ലാതെ നല്ലൊരു
പെങ്കിടാവിനെ നിർമ്മിച്ചു നാന്മുഖൻ.

അനന്തരം നിൻെറ വല്ലഭൻമന്മഥൻ
ചെന്നു കണ്ടു കനക്കെ വിചാരിച്ചു 336
ഉള്ളിലീ ബ്രഹ്മദേവനിരിക്കുന്ന
ഉള്ളിനല്പം കുറവു വരുത്തണം.

വെള്ള കീറുമ്പോൾ ചെന്നു കുളിക്കയും
വെള്ളം കോരി ജപിച്ചു കുടിക്കയും
വേദം[2] നാലുമങ്ങാദ[3]ഘോഷം ചെയ്കയും
വേദാന്താർത്ഥം വിചാരിച്ചിരിക്കയും,

മുല്ലപ്പൂ പോലെ പല്ലും വെളുപ്പിച്ചു-
ങ്ങെല്ലാനേരവും ശാസ്ത്രം പഠിക്കയും
കണ്ണിനാനന്ദമെല്ലാർക്കുമുണ്ടാക്കും-
പെണ്ണിനെക്കണ്ടാൽ വാതിലടക്കയും,

ഇത്ര പാരം ഹവിസ്സായ ദേഹത്തെ
മാത്രമൊന്നു മറിച്ചേ മതിയാവൂ. 348
പുത്രിയെത്തന്നെ കാമിപ്പതിനുള്ളോ-
രസ്ത്രമൊന്നു പ്രയോഗിക്കുന്നുണ്ടു ഞാൻ.

എന്നു കല്പിച്ചൊരസ്ത്രം പ്രയോഗിച്ചാൻ
തന്നെത്താനറിയാത മനോഭവൻ.

---

1. നിന്നിറത്തിൻെറ സാരവും-ഗ.
2. മനാമങ്ങൾ ഘോഷണം 3. ങ്ങൾഘോഷം-ഖ.

Digitized By Kerala Sahitya Akademi

അസ്പൃഷ്ടമററു വിരിഞ്ചനുംതന്നുടെ
പുത്രിയാകും സരസ്വതിയെക്കണ്ടു[1]
കാമിച്ചുള്ളത്തിൽ[2] കാമം പെരുക്കയാൽ
കാമക്രീഡയ്ക്കൊരുമ്പെട്ടു നാന്മുഖൻ.
പിന്നെച്ചിന്തിച്ചു[3]ടക്കി വികാരത്തെ,
തന്നെ ദോഷപ്പെടുത്തൊരു കാമനെ

ക്ഷിപ്രമങ്ങു ശപിച്ചു വിരിഞ്ചനും,
ഭസ്മഭൂതത്വം മുഴുത്തൊരു മന്മഥ! 360
മുക്കണ്ണൻതൻെറ മൂന്നാമതായുള്ള
തൃക്കണ്ണിൽ നിൻെറ ദേഹം ദഹിച്ചീടും.

ശാപമിങ്ങനെ കിട്ടുക കാരണം
താപമേവമകപ്പെട്ടു കാമനും.
ശാപമോക്ഷവും പിന്നെ ലഭിക്കയാൽ
ശോഭനം വരുമെന്നു ധരിച്ചാലും.

യാതൊരു നാളിൽ പാർവതീകല്യാണം
സാധിക്കുന്നു സദാശിവനീശ്വരൻ,
അന്നു നിന്നുടെ കാന്തൻെറ വിഗ്രഹം
വന്നു സംഭവിച്ചീടും[4] മനോഹരം.

മട്ടു മാറി

ഇത്തരമുള്ളൊരു വചനാമൃതമതു
സത്വരമൻപൊടു കേട്ടു ദശായാം 372
അത്തലശേഷമകന്നു കൃശോദരി
ചിത്തജകാമിനി രതിയുമുദാരം,

സ്നാനം ചെയ്തു ശരീരവിശുദ്ധിയു-
മാനന്ദാമൃതപാനവുമുടനേ
മാനിനിമാർകുലതിലകമതായൊരു
മനസിജരമണി മനോഹരശീലാ

1. ടൊ-ക. 2. തഃപം-ഖ. 3. ചാ-ക. 4, ഹര-ഖ,

Digitized By Kerala Sahitya Akademi

പരമശിവന്റെ പദാംബുജയുഗളം
പരിചൊടു മനസി നിനച്ചുനിനച്ചഥ
പരമാനന്ദപയോനിധിതിരകളി-
ലവിരളമിളകിന കളി കളി കളുകാൽ,

മനസിജതനു പുനരുണ്ടായ്വരുമതു-
മനവരതം നിനവോടു വസിച്ചു 384
ഘനതരമുപരി വരുന്ന സുഖങ്ങളി-
ലനവധിരസമൊടു മംഗലമഖിലം.

കാമദഹനം എന്ന രണ്ടാം പാദം സമാപ്തം.

## മൂന്നാം പാദം

തിങ്കൾമൌലിതന്നങ്കി[1]ത്തിരുക്കണ്ണിൽ
പങ്കജാസ്ത്രന്റെ സംഹാരം കാൺകയാൽ
അംഗജന്റെ വിലാസങ്ങൾ കൂടാതെ
സംഗമാഗ്രഹ[2]മുണ്ടാകയില്ലേതും.

ആയതുമൂലമിക്കാലമെന്നുടെ
കായസൌന്ദ[3]ര്യംകൊണ്ടെന്തു? കിം ഫലം?
നായകൻ നമ്മെ പാണിഗ്രഹം ചെയ്യാ-
ലായവന്നനുരാഗമില്ലെന്നാകിൽ,

കണ്ണില്ലാത്ത പുരുഷന്റെ മു[4]ൻഭാഗേ
കാമി[5]നീടെ കടാക്ഷങ്ങളെപ്പോലെ
കണ്ണം കേളാത്തവന്റെ പുരോഭാഗേ
കളവീണാപ്രയോഗത്തെപ്പോലെയും, 12

1. ന്തി-ക. 2. ല്ലാക്കം-ഗ. 3. കൊണ്ടു ഫലമില്ല-ഖ,ഗ. 4. മുമ്പിലേ-ഗ.
5. നിതൻ-ഖ.

Digitized By Kerala Sahitya Akademi

ചണ്ഡമാകിന കാനനമദ്ധ്യത്തിൽ
ചന്ദ്രപാദ[1]പ്രകാശത്തെപ്പോലെയും
ശബ്ദാൎത്ഥങ്ങളറിയാത്തവന്മുമ്പിൽ
ശാസ്ത്രവാക്യ[2]പ്രയോഗത്തെപ്പോലെയും,

സൂത്രാൎത്ഥങ്ങൾ ഗ്രഹിക്കാത്തവനോടു
സുപ്തിങന്ത[3]വിചാരത്തെപ്പോലെയും
കാമഭംഗേന കാന്തന്മാരോടുള്ള
കാമിനീജനസംഭ്രമം[4] നിഷ്ഫലം.

ഇന്നുതന്നേ തപസ്സു തുടങ്ങുന്നേ-
നെന്നുറച്ചു പുറപ്പെട്ടു പാൎവ്വതി
ഇന്ദുശേഖരസ്വാമിക്കു കാരുണ്യ-
മെന്നൊരു നാളിലെങ്കൽ ഭവിക്കുന്നു, 24

അത്രനാളും തപസ്സുചെയ്തെന്നുടെ
ഗാത്രശോഷണം ചെയ്യുന്നതുണ്ടു ഞാൻ.
പെട്ടന്നിങ്ങിനെ കല്പിച്ചുറച്ചുടൻ
പട്ടു വസ്ത്രം വിഴത്തു[5]കളഞ്ഞാശു
വല്ക്കലം കൊണ്ടുടുത്തു തൻകോപ്പുകൾ
ഒക്കവെയങ്ങഴിച്ചു വെച്ചാദരാൽ
കേശപാശം പിരിച്ചു ജടയാക്കി
ക്ലേശം കൂടാതെ മെല്ലെപ്പുറപ്പെട്ടു.
കാനനം പുക്കു താനും സഖിമാരും
സ്നാനവും[6] ചെയ്തു ഗംഗാജലം തന്നിൽ
ധ്യാനത്തിന്നൊരു ഭംഗം വരാതുള്ള
സ്ഥാനം നോക്കിയടിച്ചു തളിച്ചുടൻ 36

---

1. താര-ശ. 2. പാഠപ്ര-ഖ,ശ.
3. സൂക്തിക്കൊത്ത വി-ഖ. 4. വിഭ്രമം-ക, 5. ഞെവൾ.-ഖ
6. സ്നാനം ചെയ്തുടൻ-ശ.

Digitized By Kerala Sahitya Akademi

പർണ്ണശാലയും കെട്ടിയങ്ങുണ്ടാക്കി
സ്വർണ്ണവൃക്ഷങ്ങൾകൊണ്ടു വഴിപോലെ
നീലകണ്ഠസ്വരൂപത്തെ ധ്യാനിച്ചു
നീലവേണി തപം തുടങ്ങീടിനാൾ.

ബാലചന്ദ്രനും ഗംഗാ[1] ഭുജംഗവും
ചാലവേ ചാരുചെഞ്ചിടാഭാരവും
ഫാലനേത്രൻകപോലസ്ഥലങ്ങളിൽ
ലോലമാകുന്ന കുണ്ഡലീകുണ്ഡലം,

ചില്ലിവല്ലി സുനാസാപുടം നല്ല
പല്ലവാ[2]ധരമന്ദസ്മിതങ്ങളും
സോമസൂര്യവിലോചനയുഗ്മവും
സോമബിംബ[3]സമമാംതിരുമുഖം, 48

കാളകണ്ഠൻതിരുമാറിടംതന്നിൽ
വ്യാളഹാരവും ഭൂതിവിലേപനം
തൃക്കൈ നാലിൽ മൃഗവും പരശുവും
ചൊൽക്കൊണ്ടീടും വരദാഭയങ്ങളും,

നാഭീരന്ധ്രമുദരം കടിതടം
ശോഭയുള്ള പുലിത്തോലുടയാട
ചാരുചഞ്ചലകാഞ്ചീഭുജംഗവും
ഊരുകാണ്ഡങ്ങൾ ജംഘായുഗങ്ങളും,

സ്വർമ്മഞ്ജീരമഞ്ജുപദാംബുജം
തല്പരാഗവുമെത്ര മനോഹരം
ഇപ്രകാരംതൽകേശാദിപാദാന്തം
സുപ്രസന്നം സുഖപ്രദമുത്തമം 60

1. ഗംഗയും നാഗവും ഖ.
2. ഭം-ഖ,ഗ. 3, സമമാനം തിരുമുഖം-ഖ,ഗ.

Digitized By Kerala Sahitya Akademi

മുപ്പുരാന്തകൻതന്നുടെ വിഗ്രഹം
ഉൾപ്പൂവിങ്കലുറപ്പിച്ചു പാർവ്വതി
ഘോരമാകുംനി[1]യമം തുടങ്ങിനാ—
ളാരുമോർത്താൽ വരുത്താവതല്ലിദം.

ശീത[2]കാലം കഴുത്തോളം വെള്ളത്തിൽ
വീതസന്ദേഹം നിന്നു തപംചെയ്യും
വേനൽക്കാലത്തു പഞ്ചാഗ്നിമദ്ധ്യത്തിൽ
ഊനമെന്ന്യേ വസിച്ചരുളീടുന്നു.

വർഷകാലേ പുറത്തൊരു പാറമേൽ
വർഷധാരയുമേററു വസിച്ചീടും
പർണ്ണം കൂടെ ഭുജിപ്പായ്കകാരണാൽ
* വർണ്ണനീയമപർണ്ണയെന്നുള്ള പേർ.

സ്വർണ്ണം പോലെ തപിക്കുമ്പൊളേററവും
വർണ്ണശോഭ ശരീരത്തിനുണ്ടായി
ഇപ്രകാരം തപംചെയ്തു കാനനേ
സുപ്രഭാവേന വാണരുളീടുന്നു.

ശൈലപു[3]ത്രീടെ ഭാവം പരീക്ഷിപ്പാൻ
കാലവൈരി പുറപ്പെട്ടു മെല്ലവേ
ബ്രഹ്മചാരീശരീരത്തെക്കൈക്കൊണ്ടു
വെണ്മയോടേ തപോവനം പ്രാപിച്ചു.

പർണ്ണശാലയിൽ വന്നു കടക്കുന്ന
വർണ്ണിയെക്കണ്ടു[4] നേരത്തപർണ്ണയും
അർഘ്യപാദ്യാദി[5]കൊണ്ടാശു പൂജിച്ചു
സൽകരിച്ചങ്ങിരുത്തി വണങ്ങിനാൾ.

---

1. തപം തുടങ്ങീടിനാൾ-ഖ,ഗ. 2. കാലേ-ഖ,ഗ,
* ഈ രണ്ടു വരികൾ 'ഖ' പാഠത്തിൽ ഇല്ല.
3. പുത്രിതൻ ഖ, ഗ. 4. നേരമപർണ്ണയും ഖ, ഗ. 5. കൊണ്ടുടൻ ഖ, ഗ.

Digitized By Kerala Sahitya Akademi

വർണ്ണിതാനുമുരചെയ്തു സാദരം
വർണ്ണനീയഗുണേ! ശൃണു പാർവ്വതി!
[1]ബാല്യകാലേ തപസ്സു തുടങ്ങുവാൻ
മൂലമെന്തെന്നുരചെയ്ക സുന്ദരി!

ലീലയോടെ സുഖിച്ചു വസിക്കേണ്ടും-
കാലമിങ്ങിനെ ദുഃഖിക്കുന്നെന്തിനു്?
ദ്രവ്യമില്ലാഞ്ഞു [2]ദുഃഖം നിനക്കില്ല
ഭവ്യനല്ലോ നിൻതാതൻ ഹിമവാനും.

നല്ല ഭർത്താവുണ്ടാവാൻ മനോരഥം
തെല്ലുണ്ടെങ്കിലതിനെന്തു വൈഷമ്യം?
ഉർവ്വശീരംഭമേനകയാദിയാം
സർവ്വദേവനിതംബിനിമാരുടെ,

ഗർവ്വമൊക്കെശ്ശമിച്ചിതു സാമ്പ്രതം
പാർവ്വതി! നിൻെറ രൂപഗുണംകൊണ്ടു്
ഏവമുള്ള നിനക്കു[3] വശമല്ലാ-
തേവനുള്ളു [4]ജഗത്ത്രയംതന്നിലും.

കിന്നരന്മാരും കിംപുരുഷന്മാരും
പന്നഗന്മാരും വിദ്യാധരന്മാരും
ചാരണന്മാരും ദേവസമൂഹവും
ആരണന്മാരുമന്യജനങ്ങളും

ചാരുവാണി! നിൻകാരുണ്യമുണ്ടാവാൻ
പാരം മോഹിച്ചിരിക്കുന്നു പാർവ്വതീ!
എന്തിനയ്യോ! തപസ്സു[5]കൊണ്ടിങ്ങനെ
ചന്തമുള്ള ശരീരം ക്ഷയിപ്പിപ്പാൻ.

---

1. ബാലഭാവേ-ക.ഖ
2. ഖേദം നിനക്കെങ്കിൽ-ഖ. ദുഃഖം നിനക്കെങ്കിൽ-ഗ. 3. നല്ലാ-ഖ.ഗ.
4. ത്തിങ്കലും-ഖ.ഗ. 5. ചെയ്തീങ്ങനെ-ഖ.

Digitized By Kerala Sahitya Akademi

ഊണുറക്കമിളച്ചു വനാന്തരേ
വാണു ദുഃഖിച്ചിടുന്നു വൃഥാതന്നെ
ഇന്നു ഞാൻ തന്നെ പാർവ്വതീകാന്തനായ്
വന്നു സംഭവിക്കേണമെന്നാഗ്രഹം,

മന്നിലുള്ള മഹാജനങ്ങൾക്കെല്ലാം
ഒന്നുപോലെ ഭവിക്കുന്നു സുന്ദരി!
ഏതു ധന്യനെക്കാമിച്ചു നീ വ്രതം
ചെയ്തു മേവുന്നു ചാരുവിലോചനേ!

ഇജ്ജനത്തിന്നു കേൾക്കരുതാത്തതോ?
ലജ്ജകൊണ്ടു പറഞ്ഞുകൂടായ്കയോ?
സജ്ജനം കേട്ടാലന്തരമുള്ളതോ?
ദുർജ്ജനങ്ങൾ ദുഃഖിക്കുമെന്നുള്ളതോ? 120

എന്തുകൊണ്ടു പറവാൻ മടിക്കുന്നു
മന്ദഗാമിനി! പർവ്വതകന്യകേ!
എന്തെന്നാകിലുമെന്നോടുരചെയ്താ-
ലേതും ദോഷം വരാനില്ല നിർണ്ണയം.

കണ്ടപ്പോൾത്തന്നെ വിശ്വാസമെന്നുള്ളി-
ലുണ്ടായ്വന്നു വിശേഷിച്ചുമിന്നിപ്പോൾ
കണ്ടിവാർകുഴലാളേ! നീയും[1] ഞാനും
രണ്ടല്ലെന്നും ധരിച്ചുകൊള്ളേണമേ.

ഇത്തരം ബ്രഹ്മചാരിതൻ ഭാഷിതം[2]
ചിത്തരംഗ[3]പ്രസാദേന കേട്ടവൾ
ഉത്തരം[4] പറവാൻ തന്റെ തോഴിയേ
സത്വരം ദൃഷ്ടികൊണ്ടു നിയോഗിച്ചു 132

1. ഞാനും നീയും-ശ. 2. വാ[illegible]-ഖ. 3. മോദപ്ര-ശ. 4. യാ-ഖ.

Digitized By Kerala Sahitya Akademi

വണ്ണിയോടുരചെയ്തു സഖിതാനും
വണ്ണിപ്പാനിങ്ങു വൈദഗ്ദ്ധ്യമില്ലെടൊ![1]
അത്രമാത്രം കഥിക്കാമതുകൊണ്ടു[2]
മിത്രമാം നീ പ്രസാദിച്ചുകൊള്ളണം.

നാരികൾക്കു[3] ദുരാഗ്രഹമുണ്ടെന്നു
പാരിലൊക്കെ പ്രസിദ്ധമീ സംസാരം
ആരുമോത്താൽ വരുത്താവൊന്നല്ലാത്തൊ-
രാരംഭമിക്കുമാരിക്കു സാമ്പ്രതം

മാരവൈരിയാകുന്ന ഭഗവാന്റെ
ഭാര്യയാവ്വതുവാനിവൾക്കാഗ്രഹം
നിദ്ധനന്മാർ മനോരാജ്യമോക്കുമ്പോൾ
അദ്ധരാജ്യം കൊതിക്കുമാറില്ലല്ലോ. 144

വദ്ധിക്കുന്ന വലിപ്പത്തിന്നാഗ്രഹം
അർദ്ധിക്കുന്നവൻ ശോഷനെന്നു വരു
സാധിച്ചീടുമോ തന്റെ മനോരഥം
ബോധിച്ചീടുമോ ദേവൻ മഹേശ്വരൻ.

എന്നുള്ളൊരു വിചാരമിവൾക്കില്ല
തന്നുള്ളത്തിലെ മോഹം പെരുകയാൽ[4]
* താനാരെന്നും മഹാദേവനാരെന്നും
* താനേ ചിന്തിപ്പാനാളല്ലാതാകയാൽ.

ആനന്ദാമൃതബ്രഹ്മസ്വരൂപത്തെ
ധ്യാനംകൊണ്ടു വിലോകനം ചെയ്തിവൾ

---

1. മില്ല കേൾ -ഖ,ഗ. 2. പറയാമ-ഖ,ഗ. 3. മാർക്കു-ഖ,ഗ
4. മുഴുക്കയാൽ-ഖ.ഗ.
* ഈ രണ്ടുവരികൾ 'ഗ'പാഠത്തിൽ ഇല്ല.

Digitized By Kerala Sahitya Akademi

ആശ്ലേഷാദിസുഖംകൊണ്ടു മോദിക്കും
വിശ്ലേഷത്തെ വിചാരിച്ചു[1] രോദിക്കും.

ഭ്രാന്തുതന്നെപ്പിടിച്ചുവെന്നുള്ളൊരു
ഭ്രാന്തിയുണ്ടാകും കാണുന്നവൎക്കെല്ലാം
കാമദേവൻ പ്രയോഗിക്കും[2] സായകം
വാമദേവന്റെ ഹുംകാരംകൊണ്ടഹോ!

തെററിപ്പോന്നിങ്ങിവളുടെ ദേഹത്തിൽ
തെററെന്നാശു തറച്ചു[3] കനക്കവേ.
അന്നുതൊട്ടതികഷ്ടമായ് വന്നിതു
കുന്നിൻമാതിന്റെ വൃത്താന്തമൊക്കവേ.

കുത്തിയിട്ടു മുളപ്പിച്ച വൃക്ഷങ്ങൾ
പൂത്തുകാച്ചു തഴച്ചിതാ നില്ക്കുന്നു
കുന്നിൻമാതിൻമനോരഥവൃക്ഷങ്ങൾ
[4]ഇന്നും പൂത്തതും കാച്ചതു[5]മില്ലഹോ!

അന്തകാരിക്കു കാരുണ്യമില്ലാഞ്ഞാ-
ലെന്തു ചെയ്യുന്നു ഞങ്ങൾ കുമാരകാ!
ഇപ്രകാരം സഖിയുടെ വാക്കുകൾ
വിപ്രബാലൻ വിരവോടു കേട്ടുടൻ,

സപ്രഹാസം പറഞ്ഞു തുടങ്ങിനാൻ
ഇപ്രസംഗം പരമാൎത്ഥമെന്നാകിൽ
ഇപ്രയാസം പഴുതേ നിനക്കെടോ!
സുപ്രസന്നസ്വരൂപിണി! പാൎവ്വതി!

---

1. ചോര-ക. 2. ച്ചു-ഖ
3. ണ-ക,
4. ഒന്നും-ഗ. 5. മില്ലെടോ!-ഖ,ഗ

Digitized By Kerala Sahitya Akademi

അപ്രിയം നിനക്കുണ്ടാകയില്ലെങ്കിൽ
ഉഷ്ടബാധം പറഞ്ഞു ശമിപ്പിക്കാം.
കാമദേവനെക്കണ്ണിലെരിച്ചൊരു
വാമദേവനെക്കാംക്ഷിക്കും[1] പെണ്ണുങ്ങൾ, 180

ഭൂമിപാതാളസ്വർഗ്ഗലോകങ്ങളിൽ
നാമൊരേടത്തും കേട്ടറിയുന്നീല.
എത്രതന്നെ മഹാവൃദ്ധനദ്ദേഹം
ഗോത്രമേതെന്നുമാർക്കുമറിവില്ല.

നേത്രം മൂന്നുമഞ്ചു വക്ത്രമുടയോരു
ഗാത്രം പാരം വികൃതമെന്നോർക്ക നീ
ഉമ്പ ചാമ്പലും പാമ്പുമലങ്കാരം
വമ്പുലിത്തോലുമെല്ലാം കപാലവും,

ചെമ്പിച്ചോരു ജടയിലകപ്പെട്ടോ-
രമ്പിളിക്കല കൂടെ നിറം കെട്ടു
മുണ്ടു കൗപീനമെന്നിവ കൊള്ളുവാൻ
രണ്ടു താരത്തിനർത്ഥമവനില്ല. 192

കണ്ട കാട്ടിൽ ചുടലക്കളങ്ങളിൽ
കണ്ട വേതാളഭൂതങ്ങളുമായി
നൃത്തമാടിയിരന്നു നടക്കുന്ന
കൃത്തിവാസാവെക്കാന്തനാക്കീടുവാൻ,

മുററുമിഗ്ഗിരികന്യകയെന്നിയേ
മറെറാരുത്തിക്കുമാഗ്രഹമില്ലിപ്പോൾ[2]
കുങ്കുമച്ചാറണിഞ്ഞു വിളങ്ങുംനിൻ
കൊങ്ക രണ്ടിനും വെണ്ണുനീറെപ്പൊഴും

1. കാമിക്കും–ഖ,ഗ.
2. ത്തനക്ക്–ഖ,ഗ.

Digitized by Kerala Sahitya Akademi

[1]സംക്രമിപ്പിപ്പാനുള്ളൊരു സന്നാഹം
പങ്കജാക്ഷി ! നിനക്കു ചിതമല്ല
ശങ്കരന്റെ മഹിഷിയായ്[2]വീടും നാൾ
സങ്കടങ്ങൾ പലതും ഭവിച്ചീടും.
ശങ്കയില്ല കലസ്ത്രീജനത്തിന്റെ
സംഘത്തിൽ കൂടെ കൂടുവാൻ വൈഷമ്യം.
ബ്രഹ്മദേവന്റെ മൂർദ്ധാവറുക്കയാൽ
ബ്രഹ്മഹത്യ ഭവിക്കനിമിത്തമായ്,
ബ്രാഹ്മണന്മാരിലാരും ശിവനുടെ
നിർമ്മാല്യത്തെപ്പരിഗ്രഹിക്കുന്നീല
ഉത്തമനിന്നും നല്ല വസ്ത്രമുടുപ്പാനും
നാണിയ[3]ത്തിനു കോപ്പിട്ടിരുന്നാലും,

പാണിയിൽ പണ്ണുവീശമുണ്ടാവാനും
പ്രാണനാഥന്റെ പുഷ്ടികൊണ്ടേ വരൂ.
താനുണ്ണാത്തൊരു ദേവരെസ്സേവിച്ചാൽ
തന്വംഗി! നിനക്കിഷ്ടി ലഭിക്കുമോ ?

പണ്ണുഭിക്ഷംവസനമായുള്ളവൻ
വസ്ത്രദാനത്തിനാ[4]ളാകുമോ ശിവൻ
[5]ആറുലക്ഷം വയസ്സായ കാളമേ-
ലേറുവാനോ നീയാഗ്രഹിച്ചീടുന്നു ?

ആറുചൂടുന്ന ദേവങ്കലെത്രയും
കൂറുണ്ടാവാൻ നിനക്കെന്തു കാരണം ?
കാളകണ്ഠനെക്കാമിപ്പതൊട്ടുമേ
കോളല്ലെന്നു നമുക്കിഹ തോന്നുന്നു.

---

1. മിപ്പാനമുള്ളോരു–ഖ. 2. യായീടൊല്ലം–ഖ.
3. യത്തിനും കോപ്പിട്ടിരിപ്പോനു –ഖ,ഗ.
4. കുമാകർ–ൻ–ഖ. 5. ആറു–ഖ.ഗ.

Digitized By Kerala Sahitya Akademi

പാളയുംകൊണ്ടു ഭിക്ഷുയററീടുവാ-
നാളല്ലേതും നീയദ്രികുമാരികേ !
ശംഭുനിന്ദകളീവണ്ണം കേട്ടപ്പോൾ
സംഭൃതക്രോധകമ്പിതഗാത്രിയായ്,

മാനേലുംമിഴിമൗലി മഹേശ്വരി
താനേ കിഞ്ചിൽ പറഞ്ഞുതുടങ്ങിനാൾ :—
പോരും പോരുമബദ്ധം പറയാതെ
പോക നീയംശുവിപ്രകുമാരക !

ആരു നിന്നോടു ചോദിച്ചു വൃത്താന്തം
സാരബോധമില്ലാത്ത കിശോരക !
വിശ്വമൊക്കെ [1]സൃഷ്ടിക്കുന്നതു ശിവൻ
വിശ്വരക്ഷണം ചെയ്യുന്നതും ശിവൻ.

[2]വിശ്വസംഹാരിയാകുന്നതും ശിവൻ
* വിശ്വസമ്പൂർണ്ണനാകുന്നതും ശിവൻ
[3]ഐശ്വര്യത്തിന്നിരിപ്പിടമാകുന്നോ-
രീശ്വരന്റെ പരമാർത്ഥതത്വത്തെ,

ശാശ്വതബ്രഹ്മവാദിജനങ്ങൾക്കും
ശാസ്ത്രികൾക്കുമറിവാനെളുതല്ല.
നിർദ്ധനനെന്നും നിഷ്കരുണനെന്നും
വൃദ്ധനെന്നും ദുഷിക്കുന്ന നിന്നുടെ,

ബുദ്ധിവൃദ്ധിക്കു ശുദ്ധിയില്ലേതുമേ
വർദ്ധിക്കുന്നു ജളത്വം നിനക്കുള്ളിൽ.
അഷ്ടമൂർത്തിയെ നിന്ദിച്ച ജിഹ്വയെ
ചുട്ടെരിക്കേണമവനെന്നാകിലും

1. പ്രസവിപ്പതും-ഖ, സ്രവിക്കുന്നതും-ഗ. 2, വിശ്വസംഹാരം ചെയ്യുന്നതും-ഗ. * ഈ വരി 'ഖ'.പാഠത്തിലില്ല 3, ഐശ്വര്യത്തി-ഖ,ഗ.

Digitized By Kerala Sahitya Akademi

കഷ്ടം! നിന്നുടെ ധിക്കാരമിക്കാലം,
നഷ്ടമാവാനടുത്തു നിന്നായുസ്സും.

ദുസ്സാമർത്ഥ്യം പറയാതെ പോയാലും
ദുസ്സ്വഭാവമിവിടെത്തരമല്ല.
[1]സൽസ്വഭാവപ്രഭാവം തപോവനം
സജ്ജനങ്ങൾക്കേ സഞ്ചരിച്ചീടാവൂ.

ഞാനുമെന്റെ സഖിമാരും പോകുന്നു
കാനനത്തിന്നു വിസ്താരമുണ്ടല്ലോ.
ജ്ഞാനമില്ലാത്ത നിന്നോടു ശാസിപ്പാൻ
സ്ഥാനമിങ്ങില്ല വല്ലതും ചൊൽക നീ."

ഇപ്രകാരമ[2]രുൾചെയ്തു പാർവതി
തൽപ്രദേശമുപേക്ഷിച്ചു പോവാനായ്
ക്ഷിപ്രമങ്ങെഴുന്നേററൊരനന്തരം
[3]സപ്രസാദം പ്രകാശിച്ചു ശങ്കരൻ.

ചന്ദ്രഭൂഷണമിന്ദ്രിയതോഷണം
മന്ദ്രഭാഷണമംഗജശോഷണം.
[4]ഭൂതിഭൂഷണം ഭൂതഗണേഷണം
വീതദൂഷണം വൈരിവിഭീഷണം,

ദിവ്യരൂപം ധരിച്ചു മഹേശ്വരൻ
ദിവ്യകന്യകാര[5]ത്നമേ! നില്ലെടോ!
മല്ലലോചനേ! എന്നാലും നിന്നുടെ
വല്ലഭൻ ചന്ദ്രശേഖരനേഷ ഞാൻ.

പല്ലവാധരി! നിന്റെ മനോധൈര്യം
തെല്ലുനേരം പരീക്ഷിപ്പാൻ വന്നു ഞാൻ
പ്രീതനായി ഞാൻ നിന്റെ തപസ്സിനാൽ
ക്രീതനായി ഞാനദ്രികുമാരികേ!

1. തൽസ്വഭാവംപ്രധാനം—ക. 2. മുരചെയ്തു—ശ.
3. സൽപ്ര—ക. 4. ത—ക. 5. കാരണമെന്നല്ല—ഖ.

Digitized By Kerala Sahitya Akademi

പാതിവ്രത്യബലംകൊണ്ടു നീയെന്റെ
പാതിദേഹം പകുപ്പിച്ചു മേടിക്കും
ഭക്തന്മാർക്കു ശരീരത്തെപ്പോലും ഞാൻ
ദത്ത[1]നാകുന്ന ദേഹമെന്നോ[2]ർത്താലും.

സക്തനാമെന്നെസ്സമ്മാനിച്ചീടണം
മുക്തസന്ദേഹമാലിംഗനംകൊണ്ടു
എന്നരുൾചെയ്തു കുന്നിന്മകളുടെ
മുന്നിൽച്ചെന്നാശു മുഗ്ദ്ധേന്ദുശേഖരൻ,

ശോണപങ്കജംപോലെ മനോഹരം
പാണി[3]പങ്കജം മെല്ലെപ്പിടിച്ചപ്പോൾ
നാണം പൂണ്ടു മുഖാംബുജം താഴ്ത്തി നി–
ന്നേണലോചനയാകുന്ന പാർവതി,

ദൃഷ്ടികൊണ്ടു സഖിയെ നിയോഗിച്ചു
ധൃഷ്ടയാമവൾ വന്ദിച്ചുരചെയ്തു:–
"ശൈശവേ തന്നെ സംഭവിച്ചീടുന്ന
ശൈവ[4]ഭക്തിക്കു സാഫല്യമിന്നിപ്പോൾ,

സിദ്ധമായ്വന്നു മുഗ്ദ്ധേന്ദുശേഖര!
ബദ്ധപ്പാടിനി വേണ്ട ഭഗവാനേ!
താതമാതാക്കന്മാരെ ഗ്രഹിപ്പിച്ചാൽ
ഏതും വൈഷമ്യം കൂടാതെ കല്യാണം,

സാധിപ്പിച്ചീടുമെന്നാലവർകളെ
ബോധിപ്പിച്ചീടവേണം വിരവോടെ.
ഇപ്പോൾ ഞങ്ങളെ വേഗ[5]മയക്കേണം
മുപ്പുരാന്തക! നാഥ! നമസ്കാരം."

---

1. മാ–ഖ,ഗ. 2. ന്നേക്ക് നീ–ഗ.
3. പല്ലവം–ക. 4. ശക്തി–ഗ. 5. ഗാല–ഖ,ഗ.

Digitized By Kerala Sahitya Akademi

(മട്ടുമാറി)

ഗിരിവരമകളുടെ ഹൃദയമറിഞ്ഞൊരു
ഗിരിവരഭഗവാനാകിയ ഭഗവാൻ 300
സരസിജദലചല[1]മിഴിമണിയാളൊടു
സരസമുവാച സദാശിവനേവം:-
*പർവതരാജകുമാരി! സുശീലേ!
*പരിണതഗുണഗണശാലിനി! ബാലേ!
സർവനിതംബിനിമാരടികൂപ്പും
സമുചിതവരതനു! നനു ശൃണു വാചം.

പർവതവരനുടെ മാനസമറിവാൻ
പരിചൊടു ഞാനിനി മാനിനിമൗലേ!
സർവതപോധനകുലപതിമാരാം
സപ്തഋഷികളെ നിയോഗിക്കുന്നേൻ.

സമ്പ്രതി നീയും തവ സഖിമാരും
സപദി പുരംപ്രതി ഗമനംചെയ്കിൽ 312
സമ്പ്രതി വന്ന മനോരഥനാം ഞാൻ
സമുദിതമാനസനായീടുന്നു.

നമ്മുടെ രജതമഹാഗിരിഭവനേ
നലമൊടു ഗമനം ചെയ്തീടുന്നേൻ.
മന്മഥരിപുഭഗവാനിതി വിരവൊടു
മതിമുഖിമണിയൊടു യാത്ര പറഞ്ഞഥ,
തത്ര തിരോഹിതനാകിയ സമയേ
തരുണീകുലമണി ഗിരിവരമകളും
തന്നുടെ സഖിമാരോടിടകൂടി
തരസാ ഗിരിവരപുരിയിലണഞ്ഞു.

---

1. മണിമിഴി-ക.

* ഈ രണ്ടു വരികൾ 'ക' 'ഖ' മാതൃകകളിൽ ഇല്ല.

Digitized By Kerala Sahitya Akademi

ചന്ദ്രശിഖാമണിഭഗവാൻതന്നുടെ
ചരണസരോരുഹയുഗളമുദാരം 324
തന്നുടെ മനസി നിനച്ചു നിനച്ചഥ
തരുണീ മനോഭവതാപമിയന്നു.

തച്ചരിതാമൃതമോർത്തു സുഖിച്ചും
തരുണസുധാകരമധുരമുഖീ നിജ
മന്ദിരസീമനി വാണരുളുന്നു
മലമകൾ[1] സുഖമൊടു മംഗലമഖിലം.

പാർവ്വതിയുടെ തപസ്സ് എന്ന മൂന്നാം പാദം സമാപ്തം.

## നാലാം പാദം

[2]ശ്രീമഹാദേവസ്വാമി വിരവോടെ
ശ്രീകൈലാസം പ്രവേശിച്ചു [3]സാദരം
മാമുനീന്ദ്രന്മാരേഴു ജനത്തെയും
താമസി[4]ക്കാതെ [5]സഞ്ചിന്തനം ചെയ്തു.

സപ്തയോഗീന്ദ്രന്മാരും പുറപ്പെട്ടു
സപ്രമോദമരുന്ധതീദേവിയും
സത്വരം വന്നു കൈലാസപർവ്വത
സത്ത്വവാന്മാർ വണങ്ങി മഹേശനെ.

സൽകുലീനന്മാരാകും മുനികളെ
സൽകരിച്ചു വഴിപോലെ ശങ്കരൻ
ഉൾക്കമലത്തിലുള്ളൊരു [6]കാമിത-
മൊക്കവേ മുനിമാരോടരുൾചെയ്തു:-- 12

1. മ-ക. 2. ശ്രീമഹാസ്വാമിപാദം-ഖ. 3. തന്നുടെ -ഗ. 4. യാ-ക.
5. ചിന്തനഞ്ചെയ്തുടൻ-ഗ. 6. കാംക്ഷിത -ഖ.

Digitized By Kerala Sahitya Akademi

പുത്രനകൻ നമുക്കെ ജനിക്കാഞ്ഞു
വൃത്രവൈരിക്കും ദേവകുലങ്ങൾക്കും
ശത്രുദാനവധിക്കാരമിക്കാലം
എത്രയും പാരം വർദ്ധിച്ചിരിക്കുന്നു.

ദാരകൻ മമ ജാതനായെങ്കിലേ
താരകാസുരനിഗ്രഹം സാധിപ്പൂ.
ദാരകർമ്മത്തെ നമ്മെക്കൊണ്ടായവർ
പാരാതെ കണ്ടു ചെയ്യിപ്പാനായിട്ടു,

സർവ്വകാലം പ്രയത്നത്തെ[1]ച്ചെയ്യുന്നു
ഗീർവ്വാണന്മാരുമി[2]ന്ദ്രൻ വിധാതാവും.
പാർവ്വതിയുടെ ജാതകം നന്നുപോൽ
പൂർവ്വപുണ്യമക്കന്യകയ്ക്കുണ്ടുപോൽ. 24

ചേർച്ചയുണ്ടു പലവസ്തു ചിന്തിച്ചാൽ
ചാർച്ചയും നന്നു ശൈലേന്ദ്രനോടിപ്പോൾ
അഷ്ടവട്ടത്തിനുള്ളിൽ വിവാഹവും
താഴ്ചകൂടാതെ സാധിപ്പിച്ചീടണം.

കേളിയുള്ള മുനീന്ദ്രന്മാർ നിങ്ങളും
വേളിസംസാരത്തിന്നു സമർത്ഥന്മാർ
ധന്യനാമചലാധീശനെക്കൊണ്ടു
കന്യകാദാനം ചെയ്യിക്കണം നിങ്ങൾ.
കല്യാണത്തെക്കഴിപ്പിപ്പാനുത്സാഹം
നല്ലനാരികൾക്കേറ്റമുണ്ടാസ്സുരും
എന്നതുകൊണ്ടരുന്ധതീദേവിയും
വന്നതെത്രയും നന്നായി സാമ്പ്രതം. 36

---

1. ങ്ങൾചെ-ഗ. 2. ന്ദ്രനും ധാതാവും-ഗ.

Digitized By Kerala Sahitya Akademi

എന്നാലൊട്ടുമേ താമസം കൂടാതെ
ചെന്നു വേളി പറഞ്ഞു സമയവും
നിങ്ങൾതന്നെ കഴിച്ചിങ്ങു പോരണം
മംഗലം[1] ഫലമിപ്പോൾ പുറപ്പെട്ടാൽ.

എന്നതു കേട്ടു സപ്തമുനീന്ദ്രന്മാർ
ചന്ദ്രചൂഡനെ വന്ദിച്ചു സാദരം
വ്യോമമാർഗ്ഗേണ യാത്ര തുടങ്ങിനാർ
താമസിയാതരുന്ധതീദേവിയും.

[2]ഓഷധീശപ്രകാശന്മാരദ്രിത-
ന്നോഷധിപ്രസ്ഥമെന്നുള്ള മന്ദിരേ
തൽക്ഷണം ചെന്നകംപുക്കു നേരത്തു
സൽക്കരിച്ചു ഹിമവാനും ഭാര്യയും. 48

ഹേമപീഠങ്ങൾ തോറും വസിപ്പിച്ചു
മാമുനീശ്വരന്മാരെ വഴിപോലെ
സാമപൂർവം നമസ്കാരവും ചെയ്തു
കാമഗന്മാരോടേവമുരചെയ്തു:-

സ്വാഗതം സപ്തമാമുനിശ്രേഷ്ഠരേ!
യോഗതൽപരന്മാരായ നിങ്ങളെ
ഭാഗധേയംകൊണ്ടിങ്ങിനെ ദർശിപ്പാൻ
യോഗം വന്നു നമുക്കിന്നു നിർണ്ണയം.

ഞാനുമെന്റെ മകളായ ഗൗരിയും
മേനയാമെന്റെ ധർമ്മദാരങ്ങളും
ദാസമാനന്മാരാകും ഭവാന്മാർക്കു
ദാസന്മാരെന്നറിഞ്ഞുകൊള്ളേണമേ. 60

---

1. ലഫ-ശ.
2. ഓഷധീശന്മാരദ്രിതന്നോഷധി
പ്രസ്ഥമെന്നുള്ള മന്ദിരേ തൽക്ഷണം
ചെന്നകം പുക്കാനേരത്തു സാദരം—ഖ.

Digitized By Kerala Sahitya Akademi

ബുദ്ധിമാന്മാർ മദീയനികേതനം
ശുദ്ധമാക്കുവാൻ വന്നതും വിസ്മയം!
എന്തിതിന്നൊരു കാരണമെന്നതും
ഹന്ത! നിങ്ങളരുളിച്ചെയ്തീടണം.

എന്നതു[1]കേട്ടരുൾചെയ്തു യോഗികൾ,
വന്നതിനുള്ള കാരണം കേട്ടാലും
ചന്ദ്രചൂഡൻെറ ശാസനംകൊണ്ടിപ്പോൾ
മന്ദിരേ തവ വന്നിതു ഞങ്ങളും.

പർവതേശ്വര! നിന്നുടെ പുത്രിയാം
പാർവതിയെ വിവാഹം ചെയ്തീടുവാൻ,
സർവലോകാധിനായകനാകുന്ന
ശർവദേവനഭിലാഷമെത്രയും.

നിർവിളംബമക്കാര്യം വഴിപോലെ
നിർവഹിക്കേണം നിൻെറ മനസ്സോടെ
സർവദേവന്മാർക്കഗ്രേസരൻ ശിവൻ
പർവതങ്ങളിലഗ്രഗണ്യൻ ഭവാൻ.

സർവസമ്മതമായുള്ള സംബന്ധം
സർവഥാ നിങ്ങൾ തമ്മിൽ മനോഹരം
കണ്ടുകൊൾക ഗിരീശനെന്നുള്ള പേർ
രണ്ടുപേർക്കും പ്രസിദ്ധമതല്ലയോ.

പണ്ടുതന്നെ വി[2]ചാരിക്കിലായതു-
കൊണ്ടു തന്നെ ഭവിക്കുന്നു സംബന്ധം.
കണ്ഠ[3]കാളൻെറ കാരുണ്യമുണ്ടായാൽ
കണ്ഠമെന്നിയേ നിൻെറ വിഭൂതികൾ,

1. ട്ടരുൾചെയ്തു-ഖ,ഗ.
2. വിചാരിച്ചിരിക്കയാൽ കണ്ടുതന്നെ-ഗ.
3. കാളകണ്ഠൻെറ-ഖ.ഗ.

Digitized By Kerala Sahitya Akademi

വേണ്ടപോലുമുടനുടൻ വർദ്ധിക്കും
വേണ്ട സന്ദേഹം പുത്രിയെ നൽകുവാൻ
സോമചൂഡൻ ഭഗവാൻ ഭവാനുടെ
ജാമാതാവായി വന്നു ഭവിക്കുമ്പോൾ,

മുന്നേയുന്നതനെന്നാകിലും ഭവാൻ
ഉന്നതന്മാരിലുന്നതനായ്‌വരും.
ഇത്ഥമുള്ള മുനീശ്വരന്മാരുടെ
ഉക്തി കേട്ടു പ്രസാദിച്ചു പർവ്വതം,

ഉത്തരംഗിതചിത്തകുതൂഹലാൽ
ഉത്തരം[2] പുനരേവ[3]മരുൾചെയ്തു:—
വിശ്വനായകനെന്നുടെ പുത്രിയെ
വിരവിൽ വേൾപ്പാനഭിലഷിച്ചീടുന്നു.

വിശ്വസാക്ഷികൾ നിങ്ങൾ മുനീന്ദ്രന്മാർ
വിഗതസംശയമുത്സാഹിച്ചീടുന്നു.
ഇപ്രകാരമിക്കാര്യം വരുമെങ്കിൽ
ഇതിനെക്കാൾ ഗുണമെന്തു വരാനുള്ളൂ?

തൽപ്രസാദമെൻപുത്രിയിലുണ്ടെങ്കിൽ
തരുണിമാർകുലമൗലിയതാമിവൾ.
ഇത്രനാളും ഞാനീശനാം[4] ദേവന്റെ
ഹിതമറിയാഞ്ഞു മിണ്ടാതിരിക്കുന്നു.

ഇത്രഭാഗ്യമെനിക്കു ലഭിക്കുമോ?[5]
ഇത്രമാത്രം സുകൃതമെനിക്കുണ്ടോ?
ഇത്രിലോകങ്ങൾക്കെല്ലാമധീശ്വരൻ
ഇവളുടെ ഭർത്താവായിവരുന്നേരം,

1. മുന്നമുന്നത—ഖ. 2. സത്വരം—ഗ. 3. മുര—ഖ
4. ഞാനീശാന—ഖ.ഗ. 5. ഭവിക്കുമോ?—ഖ.ഗ.

Digitized By Kerala Sahitya Akademi

* ഇത്രപോന്നിട്ടു ശൈലേന്ദ്രനെപ്പോലെ
* ഇനിയൊരുത്തരുമില്ലെന്നു വന്നീടും
സത്രഭോജികൾ വന്നു വണങ്ങീടും[1]
* സകലനാഥൻ മേ ജാമാതാവായല്ലോ.

* മദ്ഭാര്യയ്ക്കുമെനിക്കുമെൻപുത്രിക്കും
മഹിതമാമെന്റെ ബന്ധുജനത്തിനും
അല്പം പോലും വികല്പമില്ലിക്കാര്യ-
മതിസുഖേന ലഭിക്കേണം വൈകാതെ.

സപ്തയോഗീന്ദ്രന്മാരുമരുൾചെയ്തു[2]:—
സപദി സംഭാരം കൂട്ടിക്കൊൾക ഭവാൻ
സപ്തമേ ദിനേ നന്നു മുഹൂർത്തവും
സകലയോഗങ്ങളൊക്കവേ സമ്പൂർണ്ണം.

അന്നിവിടെയെഴുന്നെള്ളുമീശ്വരൻ
അതിനു വേണ്ടുന്ന ബന്ധുജനങ്ങളും
ഇന്നു പോകുന്നു ഞങ്ങൾ ഹിമവാനേ!
ഇതി പറഞ്ഞു നടന്നു മുനീന്ദ്രന്മാർ.

കൈലാസാചലം പ്രാപിച്ചു ദിവ്യന്മാർ
കനിവോടെല്ലാമുണർത്തിച്ചു വൃത്താന്തം
കാലാരാതി ഭഗവാനുമന്നേരം
കരളിലാനന്ദമേററമുണ്ടായി[3].

ഞൂറുവാസരമദ്രീശപുത്രിത-
ന്നതിമനോഹരമാനനം കാണാഞ്ഞാൽ
നൂറുവാസരമെന്നിങ്ങു[4] തോന്നീടും
നിയതമെന്നും നിനച്ചു മഹേശ്വരൻ.

---

* ഈ നാലുവരികൾ 'ക'പാഠത്തിൽ ഇല്ല.
1. ണം–ഗ. 2 മുരചെയ്തു–ഗ.
3. മേററവുമുണ്ടായി–ഖ, 4. ഞൂറു–ഖ,ഗ

Digitized By Kerala Sahitya Akademi

മററും ഖണ്ഡിച്ചു പോക്കിദിവസങ്ങൾ
മുനികുലാർച്ചിതനാകും ഭഗവാനും
മററുള്ളോരുടെ മാനസംതന്നിലെ
മദനചാപല്യ[2]മെന്തു പറയുന്നു!

മേളിയാത്രയ്ക്കൊരുമ്പെട്ട ശങ്കരൻ
വെളിവിലാശു പുറപ്പെട്ട നേരത്തു
നാളീകാസനനിന്ദ്രാദിദേവകൾ
നരകവൈരിയും നാനാമുനികളും,

ഗന്ധർവന്മാരും വിദ്യാധരന്മാരും
ഗഗനചാരികളൊക്കെപ്പുറപ്പെട്ടു
ചന്തമേറീടുമുർവശിയാദിയാം
ചടുലലോചനമാരും പുറപ്പെട്ടു.

ശംഖഭേരീപടഹാദി ഘോഷിച്ചു
ശതമഖാദി[3]സുരവൃന്ദമൊക്കവേ
ശങ്കരാ[4]ചലം പ്രാപിച്ചു സാദരം
ശശികലാമൗലിപാദേ[5] വണങ്ങിനാർ.

നീലകണ്ഠന്റെ വേഷവുമനന്തരം
നിമിഷംകൊണ്ടു പകർന്നു കാണായ്‌വന്നു
കോടീരാകാരമെത്രയും നല്ലൊരു
കുടിലകുന്തളമായി പ്രകാശിച്ചു.

ചൂടീട്ടുന്നൊരു കൊന്നയും തുമ്പയും
ചുഴലവും നല്ല[6] മുല്ലപ്പൂമാലയായ്
ഫാലംതന്നിലേ വഹ്നിവിലോചനം
പരിചിൽ നല്ല തിലകവുമായ്യുന്നു.

---

1. മററം—ക. 2. യാവ്യ—ഗ.
3. മഹാവൃ—ക 4. ശൈലം—ഗ. 5. ഭം—ക, 6. ഝം—ഖ,ഗ,

Digitized By Kerala Sahitya Akademi

ബാലചന്ദ്രനും കൈതപ്പൂവാക്കീന്[1]
ബഹുഭുജംഗങ്ങൾ പൊൻമണിക്കോപ്പുകൾ[2]
കുണ്ഡലീശന്മാർ കുണ്ഡലമായിട്ടും
കടകം തോൾവള കാഞ്ചികളായിട്ടും

കണ്ഠത്തിൽ മറു കസ്തൂരിയായിതു[3]
കരത്തിൽ മാൻ മഴു കാഞ്ചന പത്മങ്ങൾ
വമ്പുലിത്തോലു പട്ടുപുടവയായ്
വെളുത്ത വെണ്ണീറും ചന്ദനച്ചാറായി.

പാമ്പുകൊണ്ടുള്ള പാദകടകങ്ങൾ
പരിചിൽ മിന്നുന്ന പൊന്നിൻചിലമ്പായി
ക്രൂരനും പിന്നെ പൊന്നണിഞ്ഞാനയായ്
കുതിരക്കൂട്ടമായേതാനും ഭൂതങ്ങൾ. 168

കാലാൾക്കൂട്ടങ്ങളായിട്ടൊരു വിധം
കരത്തിൽ വാളും പരിചയും കൈക്കൊണ്ടു
പത്തിവാളും പരിചയും കുന്തവും[4]
പലവിധങ്ങളിലായുധക്കോപ്പുകൾ.

ഭക്തിമാന്മാരോടൊത്തു നടകൊണ്ടു
ഭടജനത്തിന്റെ ഭാവം നടിച്ചുടൻ
ചെണ്ടക്കാർ ചിലർ മദ്ദളക്കാർ ചിലർ
ചിലരഹോ! കൊമ്പുകാരും കുഴൽക്കാരും.

പണ്ടാരപ്പെട്ടി പേറീട്ടൊരു കൂട്ടം
പലവിധങ്ങളിൽ ഭൂതങ്ങളിങ്ങനെ
പള്ളിപ്പല്ലക്കെടുപ്പാനൊരു കൂട്ടം
പടയെക്കൊണ്ടു നടപ്പാനൊരു കൂട്ടം. 180

1. യിതു—ഖ.ഗ, 2. കംഭങ്ങൾ—ഖ.ഗ 3, ട്ടും—ഖ, 4, ങ്ങൾ—ഖ,ഗ,
* ഈ വരി ഗ, ഖ, പാഠങ്ങളിലില്ല.

Digitized By Kerala Sahitya Akademi

*വെള്ളിക്കുംഭം തൊട്ടുപ്പാനൊരു കൂട്ടം
വെറുതേ കൈവീശിക്കൊണ്ടങ്ങൊരു കൂട്ടം
പട്ടാ[1]ളക്കാരന്മാരങ്ങൊരു കൂട്ടം
പണവും പൊന്നുമെടുത്തങ്ങൊരു കൂട്ടം.
പട്ടു കെട്ടിച്ചു[2]മപ്പാനൊരു കൂട്ടം
പരിവാരത്തെബ്ഭരിപ്പാനൊരു കൂട്ടം.
ആണ്ടോളം വേണമദ്രികുമാരിയെ-
യവിടെനിന്നങ്ങെഴുന്നെള്ളിച്ചീടുവാൻ.

ആയതിന്നൊരു കൂട്ടം ഭഗവാന്റെ
അടിയാരായിട്ടും ഭൂതങ്ങളായിട്ടും
ഇന്ദ്രനും പിന്നെ വിഷ്ണുഭഗവാനും
ഇരുപുറം നിന്നു ചാമരം വീശുന്നു[3]. 192

[4]ചന്ദ്രതുല്യന്മാർ ഛത്രവും കൈക്കൊണ്ട-
ച്ചതുർമ്മുഖൻതാനും പിമ്പേ നടക്കുന്നു
അശ്വിനീദേവന്മാരങ്ങിരുവരു-
മരികേ നിന്നാലവട്ടം പിടിക്കുന്നു.

* രശ്മി ചെററു കുറച്ചു[5]കൊണ്ടാദിത്യൻ
രജനീനാഥനും മുമ്പിലും പിന്നിലും
വെൺനിലാവൊത്ത വെള്ളക്കൊടിക്കൂ[6]റ
വെളിവിലേററമുയർത്തിപ്പിടിക്കുന്നു.

വിണ്ണിലുള്ളോരു പെണ്ണുങ്ങളൊക്കവേ
വിരവിൽത്താലമെടുത്തു നടക്കുന്നു
മുപ്പത്തു കോടി മുക്കോടിയും പിന്നെ
മുദിതന്മാരായ ദേവന്മാരൊക്കെവേ, 204

---

1. രാമൊരോപിധം-ഖ. രിരങ്ങാരു.ഗ. 2. വിധം-ഖ.ഗ.
3. വീശുന്നു-ഗ. 4. ഇ-ഗ, * തുടങ്ങി 4 വരികൾ ഖ പാഠത്തിൽ ഇല്ല
5. ന്നി-ഗ. 6. ക്കട-ക, ഖ.

Digitized By Kerala Sahitya Akademi

മുന്നിലാമ്മാറകമ്പടി കൂട്ടുന്നു
മുനികളെല്ലാരുമാർത്തു[1] പുറപ്പെട്ടു
ചെണ്ട മദ്ദളം[2] ചേങ്ങല താളവും
ചെറിയ ശംഖങ്ങൾ[3] നാഗസ്വരങ്ങളും,

രണ്ടു പന്തി നിരക്കെ[4] പ്രയോഗിച്ചു
രസികന്മാർ കണ്ടു മൂർദ്ധാവിളക്കുന്നു
പൊന്നണിഞ്ഞ ഗജത്തിന്റെ കണ്ഠത്തിൽ
പുരവിനാശനൻ ദേവനെഴുന്നെള്ളി.

പിന്നിലിന്ദ്രനും വിഷ്ണുഭഗവാനും
കനകചാമരംകൊണ്ടു കരയേറി
ഘോഷയാത്ര തുടങ്ങി പതുക്കവേ
ഘനമനോഹരകോലാഹലത്തോടെ. 216

ഓഷധിപ്രസ്ഥമാകുംപുരത്തിന്റെ
ഒരു വിളിപ്പാടടുക്കും ദേശാന്തരേ
പർവ്വതേന്ദ്രന്റെ യോഗം തികഞ്ഞുടൻ[5]
പടഹം കൊട്ടി മുഴക്കിപ്പുറപ്പെട്ടു.

സ്വർവധൂജനം[6] താലങ്ങളിൽ നല്ല
സരസദീപം കൊളുത്തി നിരക്കവേ
അക്ഷതം പൂവുമിട്ടുകൊണ്ടാദരാൽ
അഴകോടങ്ങെതിരേല്പാൻ നടകൊണ്ടു[7].

യക്ഷകിന്നരഗന്ധർവ്വസിദ്ധന്മാർ
എതിരേററീടുവാൻ[8] കൂടെപ്പുറപ്പെട്ടു.
കൊട്ടി ഘോഷിച്ചും ചെന്നങ്ങെതിരേററു
കൂട്ടിക്കൊണ്ടിങ്ങു പോന്നു ഭഗവാനെ. 228

---

1. മൊത്തു-ഗ. 2. ചേങ്ങല മദ്ദളം-ഖ.ഗ, 3. വംശങ്ങൾ-ഖ,ഗ
4. നു-ഖ,ഗ. 5. ച്ചു-ഖ,ഗ, 6. വൃന്ദം-ക, 7. പുറപ്പെട്ടു. ഖ.ഗ.
8. നടന്നിതു-ഖ.ഗ.

Digitized By Kerala Sahitya Akademi

ചട്ടററീട്ടുന്ന രത്നഗൃഹംതന്നിൽ
പട്ടുകൊണ്ടു വിതാനിച്ചു ഭംഗിയിൽ
മട്ടലർമാല തൂക്കിയണിഞ്ഞുകൊ-
ണ്ടെട്ടു ഭാഗത്തും രത്നദീപങ്ങളും,

മുത്തുകൊണ്ടു നിറപറയും വെച്ചു
പത്തു ലക്ഷം കനകകുംഭങ്ങളിൽ
മിന്നും വൈഡൂര്യരത്നം നിറച്ചതിൽ
പൊന്നും പൂക്കുല കത്തിച്ചുമയിച്ചു.

സ്വർണ്ണപീഠത്തിൽ പട്ടു വിരിച്ചതിൽ
[1]സ്വർണ്ണപുഷ്പങ്ങളിട്ടുടൻ പൂജിച്ചു
[2]സ്വർണ്ണതാലങ്ങൾ വെള്ളിത്തളികകൾ
സ്വർണ്ണപാത്രങ്ങളിത്ഥം നിരക്കവേ,
മണ്ഡപങ്ങളിൽ വച്ചു [3]പലദിക്കിൽ
കുണ്ഡമുണ്ടാക്കി ഹോമമൊരു ദിക്കിൽ
തണ്ഡുലാദിപചനമൊരു ദിക്കിൽ
വെപ്പുകാരുടെ ഘോഷമൊരു ദിക്കിൽ.

ഇപ്രകാരം മഹോത്സവസന്നാഹം
ക്ഷിപ്രമങ്ങു തുടങ്ങിനാരനന്തരം
മുപ്പുരാരി ഭഗവാനെ നല്ലൊരു
പൊൽപ്പുരത്തിലിരുത്തി [4]ഹിമവാനും.

തൽപദാർച്ചനം ചെയ്തു വഴിപോലെ
സൽപദാർത്ഥങ്ങൾ കൂട്ടിത്തുടങ്ങിനാൻ
സ്വർഗ്ഗസ്ത്രീകളൊരു ദിക്കിലൊക്കവേ
വർഗ്ഗംകൂടിയിരുന്നുരചെയ്യുന്നു.

---

1. സ്വർണ്ണരത്നങ്ങളിട്ടുടൻ പൂജിച്ചു-ഖ,ഗ
2. സ്വർണ്ണക്കിണ്ടികലശ ചഷകകൾ-ഖ,ഗ 3. നിരത്തിയും-ഖ നിരക്കവേ-ഗ.
4. ഭഗവാനെ-ക.

Digitized By Kerala Sahitya Akademi

ഉൎവശി! നീയറിഞ്ഞോയിരിക്കുന്നു
പാൎവതിക്കു പതിയായിട്ടാരുപോൽ?
പൎവതംകൊണ്ടു വില്ലു കുലച്ചവൻ
പാൎവതിക്കു വരനാകാൻ വന്നുപോൽ.

കാമദേവനെക്കണ്ണിലെരിച്ചവൻ
കാമിനിക്കു വരനായാൽ ചേരുമോ ?
കാമനെദ്ദഹിപ്പിച്ച മഹേശ്വരൻ
കാമനെജ്ജനിപ്പിപ്പാനുമാളാകും.

ഉമ്മാനില്ലാത്തവനു കുമാരിയെ
സമ്മാനിക്കുന്നതേതും [1]ഗുണമല്ല
മറ്റുള്ളോരെബ്ഭുജിപ്പിക്കുംദേവനു
കൊറ്റിനില്ലെന്നു ചൊല്ലുന്നതാരഹോ! 264

എങ്കിലെന്തിന്നിരന്നു നടക്കുന്നു
തിങ്കൾ ചൂടുന്ന തമ്പുരാനെപ്പൊഴും
ദാനംചെയ്യും ജനത്തെപ്പരീക്ഷിപ്പാൻ
[2]ദീനഭാവം നടിക്കുന്നു ശങ്കരൻ.

വെണ്ണീറണിയുന്ന പുരുഷനെ
പെണ്ണിനുണ്ടോ മനസ്സിൽ തെളിയുന്നു
വെണ്ണീറെങ്കിലും ചന്ദനമെങ്കിലും
കണ്ണിനാനന്ദമുണ്ടായാൽ പോരാതോ?
ക്രൂറനാകുന്ന വാഹനം ചേരുമോ
ഊറ്റക്കാൎക്കുള്ളു ചേൎച്ചയില്ലാതുള്ളൂ
അസ്ഥിമാലയണിയുന്നോനീശ്വരൻ
അസ്ഥികൂടാതെ ദേഹങ്ങളുണ്ടാമോ? 276

1. തരമല്ല-ഗ. 2. ദീനഭാവാൽ നടക്കുന്നു-ഖ.ഗ.

Digitized By Kerala Sahitya Akademi

നെററിമേലൊരു നേത്രമുണ്ടാകയാൽ
ചെററും ഭംഗിയില്ലെന്നിങ്ങു തോന്നുന്നു.
നെററിമേലൊരു കണ്ണുള്ളതീശനു
കുററമെന്തന്നാ[1] നീ ഭോഷി! പറയുന്നു?

ഗാത്ര[2]മെങ്ങുമൊരിടമൊഴിയാതെ
നേത്രമുള്ളൊരു ദേഹം പുരന്ദരൻ
നമ്മുടെ നാഥൻ സുന്ദരനല്ലെന്നു
[3]നിന്മതമെന്നു വന്നു ഭവിച്ചീടും.

എങ്കിൽ പോക നാമൊട്ടുമേ വൈകാതെ
ശങ്കരൻെറ വരവതു കാണണം
പങ്കജാക്ഷിമാരേവം പറഞ്ഞുടൻ
വെൺകളിമാടമേറിനിന്നാദരാൽ,

ചന്ദ്രചൂഡൻ വിവാഹഗൃഹം നോക്കി
ചന്തമോടേ ഗമിച്ചരുളുന്നതും
സുന്ദരാംഗിമാർ കണ്ടു കുതൂഹലാൽ
മന്ദം തമ്മിൽ പറഞ്ഞു തുടങ്ങിനാർ

കേട്ടപോലെയല്ലീശൻെറ വിഗ്രഹം
കേവലനല്ല ശൃംഗാരമോഹനം
[4]നീണ്ടിരുണ്ടു ചുരുണ്ട തിരുമുടി
നീലമേഘത്തെ തോലി പിണയ്ക്കുന്നു.

ചന്ദ്രനെ വെല്ലും ചാരുമുഖാംബുജം
ചന്ദനാലേപസുന്ദരമംഗവും
ഇന്ദുചൂഡനു തുല്യനായിട്ടൊരു
സുന്ദരൻ മൂന്നുല[5]കിലുമില്ലെടോ!

---

1. പറയുന്നു ഭോഷി!നീ–ഖ.ഗ. 2. മൊരട–ഖ.ഗ.
3. നിന്മതേനാമതമെന്നു ഭവിക്കുമാ?–ഖ.ഗ. 4. നീണ്ടിരുണ്ടു ചുരുണ്ടതലമുടി–ക
5. ലോകത്തിലില്ലടോ–ഖ.

Digitized By Kerala Sahitya Akademi

കാമനെദ്ദഹിച്ചീല(?) മഹേശ്വരൻ
കാമൻതാൻതന്നെ ദേഹമുപേക്ഷിച്ചാൻ
തന്റെ ദേഹവുമീശന്റെ ദേഹവും
തമ്മിൽ കണ്ടാലിളപ്പം[1] നമുക്കെത്ര.

ആട്ടാനയും തമ്മിലൊട്ടൊക്കുമോ?
കീടവും ബ്രഹ്മദേവനും തുല്യമോ?
ഇത്ഥമാധിയാമഗ്നി പിടിപെട്ടു
ചിത്തജൻതാനേ ഭസ്മമതായല്ലോ.

കുന്നിൻമാതിന്റെ ഭാഗ്യം മനോഹരം
മന്നിൽ മറെറാരു പെണ്ണില്ലിവൾ[2] പോലെ
എന്നെ സൃഷ്ടിച്ച വേധാവും പാർവ്വതി
തന്നെ സൃഷ്ടിച്ച വേധാവുമൊന്നെങ്കിൽ, 312

എന്നെക്കാൾ ഗുണമിപ്പെണ്ണിനുണ്ടാവാൻ[3]
എന്തു സംഗതി ചൊൽക തിലോത്തമേ!
മേനകേ! ചൊൽക നീയെന്തു കാരണം
മേനാഗർഭത്തിൽ വന്നു ജനിക്കാഞ്ഞു.

മൈനാകത്തിന്റെ സോദരിക്കല്ലാതെ
മീനാങ്കാരി വശനായ്ഭവിക്കുമോ?
അദ്രിപുത്രിതാനെത്ര തപം ചെയ്തു
രുദ്രദേവനെ ഭർത്താവാക്കീടുവാൻ.

രുദ്രദേവനുമെത്ര തപം ചെയ്തു
അദ്രിപുത്രിയെ ഭാര്യയാക്കീടുവാൻ
രുദ്രദേവനുമദ്രികുമാരിക്കും
ഭദ്രമെന്നേ പറവാൻ നമുക്കുള്ളൂ[4]. 324

---

1. തനിക്കെത്ര–ഖ,ഗ. 2. ല്ല–ക. 3. മിതല്ലയതുണ്ടാവാൻ–ഖ,ഗ.
4. എനിക്കുള്ളൂ–ഖ.

Digitized By Kerala Sahitya Akademi

മുത്തു രത്നവും പത്തരമാററുള്ള
ശുദ്ധസ്വർണ്ണവും തങ്ങളിൽ ചേരുമ്പോൾ
സംഭവിക്കുന്ന[1] ശോഭയ്ക്കു തുല്യമാം
ശംഭുഗൗരീസമാഗമശോഭയും.

ഇപ്രകാരം പറഞ്ഞു സുരസ്ത്രീകൾ[2]
സപ്രമോദം കടാക്ഷങ്ങൾ തൂകിനാർ
തൽകടാക്ഷപ്രഭകൊണ്ടു ദിക്കുക-
ളൊക്കെത്തന്നെ കറുത്ത നിറമായി

രത്നസ്തംഭങ്ങളായിരമുള്ളൊരു
രത്നമണ്ഡപം പ്രാപിച്ചു ശങ്കരൻ
രത്നപീഠം വസിച്ചോരനന്തരം
രത്നവർഷം[3] തുടങ്ങി ഗിരീന്ദ്രനും. 336

രണ്ടുകയ്യിലും കൊള്ളാഞ്ഞു വിപ്രന്മാർ
മുണ്ടു കാട്ടിക്കനകങ്ങൾ വാങ്ങുന്നു
കെട്ടിപ്പേറി ശരീരം തളന്നാലും
കിട്ടിയാൽ മതിയാകുന്നതില്ലാർക്കും.[4]

പട്ടും പൊന്നും പണവും രജതവും
പട്ടററീടുന്ന രത്നസമൂഹവും
കെട്ടിവെച്ചു[5] കിടന്നങ്ങുറങ്ങുന്നു
അഷ്ടികാലാകുന്നേരമെഴുന്നേല്ക്കും.

ഇപ്രകാരം സുഖിച്ചു വസിക്കുന്ന
വിപ്രന്മാരുടെ വൃന്ദമനവധി
അന്നേരത്തു വിവാഹമുഹൂർത്തവും
വന്നടുത്തു തുടങ്ങീ ക്രിയകളും. 348

1. ക്കുന്നോരശോഭയ്ക്കു-ഖ. 2. പു-ഖ,ഗ. 3. ഗിരീശനും-ഖ,ഗ.
4. കുന്നീലാർക്കുമേ-ഖ. 5 കെട്ടിപ്പേറിക്കിടന്നങ്ങുറങ്ങുന്നു-ഖ,ഗ.

Digitized By Kerala Sahitya Akademi

കാശ്യപാദിമുനീന്ദ്രന്മാരാദരാൽ
കർമ്മമെല്ലാമനുഷ്ഠാനംചെയ്യുന്നു
വെണ്മയോടെ ചടങ്ങുകൾ കാട്ടുവാൻ
ബ്രഹ്മദേവൻ തുടങ്ങി വഴിപോലെ.

അഗ്നിദേവൻ ശിവന്റെ തിരുമുമ്പിൽ
അത്യുദാരം ജ്വലിച്ചു വസിച്ചപ്പോൾ
അഗ്നിസാക്ഷികമാകും വിവാഹത്തി-
ന്നദ്രിപുത്രിയെ ചാരു ചമയിച്ചു.

പട്ടണിപ്പുട കെട്ടിയുടുപ്പിച്ചു
പട്ടുകൊണ്ടു ശരീരം പുതപ്പിച്ചു
കങ്കണം മണിഹാരം പതക്കങ്ങൾ
തങ്കപ്പൊന്നരഞ്ഞാണും പലവിധം.

കുണ്ഡലം മണിമോതിരം തോൾവള
മണ്ഡനങ്ങളനേകമണിയിച്ചു
അപ്സരസ്ത്രീകളദ്രികുമാരിയെ
മുപ്പുരാരിപുരോഭാഗേ കൊണ്ടന്നു.

വേളികർമ്മങ്ങളെല്ലാം വഴിപോലെ
നാളീകാക്ഷീശിരോമണിയെക്കൊണ്ടും
കാളകണ്ഠനെക്കൊണ്ടും വിരിഞ്ചൻതാൻ
കാലതാമസം കൂടാതെ ചെയ്യിച്ചു.

സോദരൻ മുകിൽവർണ്ണൻ മുരാന്തകൻ
സോദരിയാകും പർവ്വതകന്യയെ
സാദരം പുരവൈരിക്കു മെല്ലവേ
[2] സോദകം ദാനം ചെയ്തു കനിവോടെ.

1. ദയാപരൻ-ഖ. 2. സോദരൻ-ഖ, സാദരം-ഗ.

Digitized By Kerala Sahitya Akademi

[1]ഏണലാഞ്ഛനശേഖരനീശ്വരൻ
ഏണനേർമിഴിയാളാമുമയുടെ
ശോണപങ്കജം പോലെ മനോഹരം
പാണിപല്ലവം സ്വീകരിച്ചീടിനാൻ.

വ്യാജഹീനം ജ്വലിക്കുന്ന വഹ്നിയിൽ
ലാജഹോമവും ചെയ്യിപ്പിച്ചാദരാൽ
പാർവ്വതീപരമേശന്മാരെക്കൊണ്ടു
പാവകനെ പ്രദക്ഷിണം[2] വെപ്പിച്ചു.

പങ്കജാസനൻ[3] പിന്നെപ്പതുക്കവെ
ശങ്കരസ്വാമിയെക്കൊണ്ടു പത്നിയെ
അശ്മലംഘനകർമ്മവും ചെയ്യിച്ചു
ആശ്വസിച്ചു ഹിമവാനും ഭാര്യയും.[4] 384

ഏവം ഘോഷിച്ചു പാർവ്വതീകല്യാണം
ദേവദേവൻ ദയാനിധി ശങ്കരൻ,
ഭാവമോദേന[5] സാധിച്ചനന്തരം
ഭാര്യയോടെ രമിച്ചു[6] വസിച്ചിതു.

ഉർവ്വിപാതാളസ്വർഗ്ഗങ്ങളിൽ വാഴും[7]
സർവ്വപ്രാണിസമൂഹങ്ങളൊക്കവെ
പർവ്വതാഗ്രേ സ്വരൂപിക്കകാരണാൽ
പർവ്വതം തത്ര താണു കനംകൊണ്ടു്.

ഉത്തരഭൂമിഭാഗമമർന്നപ്പോൾ
സത്വരം പൊങ്ങി ദക്ഷിണഭാഗങ്ങൾ
അത്തൽപ്പെട്ടു സമസ്തജനങ്ങളും
ബദ്ധപ്പെട്ടങ്ങുഴലും[8] ദശാന്തരേ 396

---

1. ഏണാങ്കാനന-ഖ, 2 ചെയ്യിച്ചു-ഖ 3 താനം-പ വ. 4. പുത്രിയും-ഖ
5. ബോധന-ഖ,ഗ. 6. സി-ഖ,ഗ. 7. മേവും-ഖ ക. 8. വം-ഖ.

Digitized By Kerala Sahitya Akademi

തെക്കുഭാഗമമർപ്പാനഗസ്ത്യനെ
[1]ദൃക്കുകൊണ്ടു നിയോഗിച്ചു ശങ്കരൻ
തൽക്ഷണേ [2]ഗമിച്ചുള്ളോരഗസ്ത്യനും
ദക്ഷിണാർണ്ണവതീരത്തെ പ്രാപിച്ചു.
കുംഭസംഭവൻ [3]തത്ര വസിച്ചപ്പോൾ
കാളിനീഭാഗമൊക്കെസ്സമമായി
മുററാ കാളജനകനൊരു ഭാഗേ
മററുള്ളാളുകളെല്ലാം മറുഭാഗേ.
രണ്ടു ഭാഗത്തും തുല്യം കനമപ്പോൾ
കണ്ടുകൊൾക മുനിയുടെ മാഹാത്മ്യം
കണ്ടുംകേട്ടുമറിയാത്തൊരത്ഭുതം
കണ്ടുകൊണ്ടാടി സർവ്വജനങ്ങളും. 408

(മട്ടുമാറി)

ഗിരിവരതനയാവല്ലഭനാകിയ
ഗിരിശൻ ഭഗവാനരികുലകാലൻ
[4]സുരനരദനുജഭുജംഗമജംഗമ-
നികരമശേഷവുമാദരവോടെ
അവരവരുടെ ദിശി ഗമനംചെയ്യതി-
നനുമതി കനിവൊടു ചെയ്തോരു സമയേ
ശിവപദസരസിജവന്ദനപൂർവ്വം
സുവിശദസുഖമവർ ഗമനം ചെയ്തു.
നാരായണനും നളിനാസനനും
[5]നാരദസനകസനന്ദാദികളും
മാരാന്തകനൊടു യാചനചെയ്തു
മാരനു ദേഹം ദാനം ചെയ്വാൻ. 420

---

1. ഷ്ടി-ഗ. 2, ച്ചു വിരവോടു-ഖ, ച്ചോരനന്തരം-ഗ. 3, അ-ഖ,ഗ.
4. വരദ-ഗ. 5. നരകാസനമുനിസനകാദികളും-ഗ.

Digitized By Kerala Sahitya Akademi

ശങ്കരഭഗവാനരുളി[1]ച്ചെയ്തു
ശതമഖനോടും ശതധൃതിയോടും
പങ്കജശരനുടെ ദേഹവിനാശന-
സങ്കടസാഹസമെന്നുടെ കോപാൽ
വന്നു ഭവിച്ചതു വിധിബലയോഗാൽ
വരമിനി വിരവൊടു നൽകീടുന്നേൻ.
അംഗജ ! വരിക മനോഹരമാകിന
മംഗലമംഗലമംഗോപാംഗം
* സംഗതമെന്നരുൾ ചെയ്തൊരു സമയേ,
* സപദി ലഭിച്ചു ശരീരമുദാരം
രതിയൊടു സഹിതനതാകിയ രതിപതി
നരപതിപാദേ ചെന്നു വണങ്ങി
അതിശയസുഖമൊടു ഹിമഗിരിഭവനേ 432
തത്ര വസിച്ചു രമിച്ചൊരു ഭഗവാ-
നത്രഭവാന്മാർക്കഭിമതമഖിലം
ശുഭമപി വിതരതു ശുകപുരമമരും
മമ പരദൈവം മംഗലനിലയം.

കേരള സാഹിത്യ അക്കാദമി ഗ്രന്ഥാലയം
തൃശ്ശൂർ

1. ച്ചി-ഖ. * ഖ പാഠത്തിൽ ഇല്ല * ഖ പാഠത്തിൽ ഇല്ല.

Digitized By Kerala Sahitya Akademi

## കേരളസർവകലാശാല

## ഓറിയന്റൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

# ഭാഷാഗ്രന്ഥാവലി

### അടുത്തകാലത്തെ ചില പ്രസിദ്ധീകരണങ്ങൾ

ഭാഷാഭഗവദ്ഗീത

ശിവരാത്രിമാഹാത്മ്യം

ദൂതവാക്യം നാടകം

പാട്ടുകൾ (ഒന്നാംഭാഗം)

ലോകസംഭവം

മാഘമാഹാത്മ്യം

### ഉടൻ പ്രസിദ്ധീകരിക്കുന്നവ

ഭാഷാകർണ്ണാമൃതം (സംശോധിതസംസ്കരണം)

ലഘുഹോരാവിവരണം

രാജധർമ്മം — സവ്യാഖ്യാനം

പാട്ടുകൾ (രണ്ടാംഭാഗം)

അംബരീഷചരിതം—12 വൃത്തം (സംശോധിതസംസ്കരണം)

### അച്ചടിയിലിരിക്കുന്നവ

വില്വാദ്രിമാഹാത്മ്യം

കണ്ണശ്ശരാമായണം

ഭാഗവതം (കൃഷ്ണപദീവ്യാഖ്യാനസഹിതം) ഒന്നാംഭാഗം

---

Printed at
The Kesari Press, Vazhuthacaud,
Published by the Curator, Manuscripts Library, Trivandrum.